# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി 7/855/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 15/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി 7/855/2023 തീയ്യതി: 15/12/2023

## കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 16-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2023 | 16-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ

ശ്രീ.എം.ബാബു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധന്യ എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഭരതൻ നായർ എ | സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീമതി സൈറ എം എ | സെക്രട്ടറി | 10-10-2022 | 12-11-2022 |
| ശ്രീ. ശിവൻകുട്ടി പി ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2022 | 12-02-2023 |
| ശ്രീ. സജ്ജാദ് എസ് എസ് | സെക്രട്ടറി | 13-02-2023 | 31-03-2023 |
| ശ്രീ.ഉണ്ണിക്കൃഷ്ണൻ നായർ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2022 | 09-10-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിക്കൃഷ്ണൻ നായർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 08-11-2022 |
| ശ്രീ. ശിവൻകുട്ടി പി ജി | അസിസ്റ്റന്റ് സെക്രട്ടറി | 09-11-2022 | 31-03-2023 |
| ശ്രീ. തുളസീധരൻ എൻ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രവീൺ എൻ എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലിലിൻ എ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. അഖിൽ ശ്യാം | വെറ്ററിനറി സർജ്ജൻ | 01-04-2022 | 25-09-2022 |
| ഡോ. ജാബിർ കെ | വെറ്ററിനറി സർജ്ജൻ | 30-09-2022 | 15-02-2023 |
| ഡോ. നിധിയ ജോയ് | വെറ്ററിനറി സർജ്ജൻ | 16-02-2023 | 31-03-2023 |
| ഡോ. നീതു ടി കെ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 24-11-2022 |
| ഡോ. ഷാരോൺ കോശി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 25-11-2022 | 05-12-2022 |
| ഡോ. കൃപേഷ് എം വി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 06-12-2022 | 31-03-2023 |
| ഡോ. അഞ്ജു രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സോയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 24-07-2022 |
| ഡോ. ശ്രീനിഷ് ടി കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 25-07-2022 | 31-03-2023 |
| ശ്രീ. ജിനേഷ് എ | വി.ഇ.ഒ (കൊളത്തൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ അനീഷ് ടി | വി.ഇ.ഒ (ബേഡഡുക്ക സർക്കിൾ) | 01-04-2022 | 26-07-2022 |
| ശ്രീ. ജിനേഷ് എ | വി.ഇ.ഒ (ബേഡഡുക്ക സർക്കിൾ) | 27-07-2022 | 24-01-2023 |
| ശ്രീമതി മഹാലക്ഷ്മി എസ് | വി.ഇ.ഒ (ബേഡഡുക്ക സർക്കിൾ) | 25-01-2023 | 31-03-2023 |
| ശ്രീ ബിന്ദു മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 18-04-2022 |
| ശ്രീമതി രജിമ പി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2022 | 31-03-2023 |
| ശ്രീമതി ശ്യാമള | ഹെഡ്മിസ്ട്രസ് | 01-04-2022 | 12-07-2022 |
| ശ്രീ പദ്മകുമാർ പി പി | ഹെഡ്മാസ്റ്റർ | 13-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-1 |
| 3 | വരുമാനം തെറ്റായ കണക്കിൽ രേഖപ്പെടുത്തി. | 1-1-2 |
| 4 | റീക്കൺസിലിയേഷനിലെ അപാകതകൾ- | 1-1-3 |
| 5 | വായ്പ്പാ കണക്കിലെ അപാകങ്ങൾ- | 1-1-4 |
| 6 | ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിന്റെ കണക്കുകളിലെ അപാകങ്ങൾ- | 1-1-5 |
| 7 | ചെലവുകൾക്കനുസരിച്ച് ബാദ്ധ്യതാ തുകകളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല- | 1-1-6 |
| 8 | പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | സംഭാവന തുക വരുമാനമായി രേഖപ്പെടുത്തി | 1-1-8 |
| 10 | ദുരിതാശ്വാസ നിധി-അപാകതകൾ | 1-1-9 |
| 11 | ഫെസ്റ്റിവൽ അഡ്വാൻസ് കണക്കിൽ നിലവിലില്ലാത്ത തുക | 1-1-10 |
| 12 | അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം. | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 22 | ക്യാഷ് ബാലൻസ് | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 24 | തനത് വരുമാനം -അവലോകനം | 1-10 |
| 25 | എഫ് റ്റി ഇ ഒ എസ് ലൈസൻസ് - അപാകതകൾ | 1-11 |
| 26 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-12 |

| | | |
|---|---|---|
| 27 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് -ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത. | 1-13 |
| 28 | കെട്ടിട നിർമ്മാണം-കെട്ടിടങ്ങൾ ക്രമവത്കരിക്കുകയും തുടർന്ന് പെർമ്മിറ്റ് അനുവദിക്കുകയും ചെയ്യുമ്പോൾ പെർമ്മിറ്റ് ഫീസ് കുറവായി ഈടാക്കിയതും മറ്റ് അപാകതകളും | 1-14 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി- 2,32,721 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-15 |
| 30 | വെള്ളക്കരം അടവ്- സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അധിക ബാധ്യത | 1-16 |
| 31 | മുൻകൂർ തുക കൈപ്പറ്റി ഭവന പുനരുദ്ധാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 1-17 |
| 32 | മുൻകൂർ തുക നൽകി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-18 |
| 33 | മുൻകൂർ തുക കൈപ്പറ്റി ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 34 | ഖരമാലിന്യം നീക്കം ചെയ്യാൻ വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷ ഉപയോഗിക്കുന്നില്ല. | 1-20 |
| 35 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം- വണ്ടി വാടക- ആദായ നികുതി ഈടാക്കിയിട്ടില്ല | 1-21 |
| 36 | കോക്ലിയർ ഇംപ്ലാന്റ് നടത്തിയ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്- ചെലവ് നടത്തി ഒരു വർഷക്കാലമായിട്ടും ഗുണഫലം ലഭിച്ചിട്ടില്ല. | 1-22 |
| 37 | തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുന്നില്ല | 1-23 |
| 38 | അങ്കണവാടി പോഷകത്തോട്ടം പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 39 | വൃദ്ധർക്ക് കട്ടിൽ -ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല. | 1-25 |
| 40 | ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് കൈമാറൽ - എം സി എഫിൽ നിന്നുള്ള നിഷ്ക്രീയ മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ – ജി എസ് ടി ഈടാക്കുന്നു. | 1-26 |
| 41 | വാട്ടർടാങ്ക് വിതരണം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-27 |
| 42 | ക്ഷയരോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം അർഹതപ്പെട്ടവരുടെ ഗുണഭോക്തൃപ്പട്ടിക തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. | 1-28 |
| 43 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-29 |
| 44 | അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-30 |
| 45 | വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് എടുക്കൽ സംബന്ധിച്ച് | 1-31 |
| 46 | കൃഷി - പൊതു അപാകതകൾ | 1-32 |
| | **ഭാഗം 2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ 3/2023 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
15.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**1-1-1 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ച് നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്.

**1-1-2 വരുമാനം തെറ്റായ കണക്കിൽ രേഖപ്പെടുത്തി.**

ജി.ഒ (ആർ.ടി)നം.5118/2022/ഫിൻ, തിയതി 6.07.2022 പ്രകാരം, മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലയിൽ രണ്ടാം സ്ഥാനം നേടിയതിനുള്ള അവാർഡ് ആയി 5,00,000 രൂപ സർക്കാരിൽ നിന്നും LGTSB അക്കൗണ്ടിൽ 30.07.2022 ൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ തുക രശീതി വൗച്ചർ 1220000206/26-11-2022 പ്രകാരം വരവ് വച്ചത് 320700205- Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats എന്ന കണക്കിലാണ്.

**1-1-3 റീക്കൺസിലിയേഷനിലെ അപാകതകൾ-**

1) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-പ്ലാൻ-232

ഈ അക്കൗണ്ടിന്റെ 31.03.2023 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരവും പാസ് ബുക്ക് പ്രകാരവുമുള്ള നീക്കിയിരിപ്പ് 16,87,044 രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ തൻവർഷം പലിശയായി 46,614 രൂപ വരവുണ്ടെങ്കിലും ബാങ്ക് ബുക്കിൽ 21,898 രൂപ മാത്രമേ വരവ് വച്ചിട്ടുള്ളൂ. (റസീറ്റ് വൗച്ചർ നം.1220000308/31.03.2023). ബാക്കി തുക റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

ഈ അക്കൗണ്ടിന്റെ 31.03.2022 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank എന്ന കണക്കിൽ 11,903 രൂപയും Directly Debited By Bank എന്ന കണക്കിൽ 24,261 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ 2022-23 ൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ഈ തുകകളുടെ Net Effect ആയി 12,358 രൂപ റസീറ്റ് വൗച്ചർ നം.1220000173 പ്രകാരം രേഖപ്പെടുത്തിക്കാണുന്നു. ഇടപാടുകൾ പൂർണമായി രേഖപ്പെടുത്താതെ ഇത്തരത്തിൽ എളുപ്പ വഴികൾ തെരഞ്ഞെടുത്തതായി കാണുന്നു.

2) LGTSB -273

ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ റസീറ്റ് വൗച്ചർ നം. 122000298/31.03.2023 പ്രകാരം 5,69,390 രൂപ ശുചിത്വ മിഷൻ ഗ്രാന്റ് എന്ന കണക്കിൽ വരവും പേമെന്റ് വൗച്ചർ നം.22201165/31.03.2023 പ്രോജക്ട് നം.87/2023 നായി ചെലവ് ചെയ്തതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഈ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ ഈ തുക വരവിലും ചെലവിലും വന്നിട്ടില്ല. എന്നാൽ ഈ അക്കൗണ്ടിന്റെ 31.03.2023 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമില്ല.

3. ബേഡഡുക്ക ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ട് (നം.001)

31.03.2023 ലെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം 09.05.2022 ന് 40 രൂപ, 10.06.2022 ന് 22രൂപ, 09.11.2021 ന് 586 രൂപ എന്നിങ്ങനെ ആകെ 648 രൂപ Directly Debited By Bank എന്ന് കാണിച്ചിട്ടുണ്ട്.

എന്നാൽ ഈ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ തുകകൾ Directly Debited ആയി കാണാൻ സാധിച്ചിട്ടില്ല.

4.എസ്.ബി.ഐ യിലെ ഇ-പേമെന്റ് അക്കൗണ്ട് നം.9693

I) എസ്.ബി.ഐ യിലെ ഇ-പേമെന്റ് അക്കൗണ്ട് നം.9693 ന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ചെക്ക് നം.651108 പ്രകാരം പിൻവലിച്ച 44,300 രൂപ രണ്ട് പേമെന്റ് വൗച്ചറുകളിലായി (22200437/06.08.2022- 22,150 രൂപ, 22200446/06.08.2022- 22,150 രൂപ) ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ചെക്ക് ക്യാഷ് ആയിട്ടില്ല. എന്നാൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ ചെക്ക് Uncashed ആയി ഉൾപ്പെട്ടിട്ടില്ല.

Ii) 31.03.20203 ലെ റസീറ്റ് വൗച്ചർ നം.12200031 പ്രകാരം ഈ അക്കൗണ്ടിൽ 4,97,839 രൂപ വരവ് വന്നിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും തെരുവ് വാട്ടർ ടാപ്പുകളുടെ കുടിവെള്ള ചാർജ് ഇനത്തിൽ ഒടുക്കിയ തുക ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തതാണ് ഇത്. എന്നാൽ ഈ റസീറ്റ് വൗച്ചറിൽ ചെലവ് ഹെഡ് ആയ 230110101-Water Charges For Kwa Street Taps തന്നെ ക്രഡിറ്റ് ചെയ്തതിനാൽ ഈ ചെലവ് ഹെഡിലെ ആകെ തുകയിൽ കുറവ് വരുകയുണ്ടായി. തൻവർഷം തെരുവ് വാട്ടർ ടാപ്പുകളുടെ കുടിവെള്ള ചാർജ് എന്നയിനത്തിൽ ആകെ അടച്ചത് 9,13,803 രൂപയാണ്. എന്നാൽ 230110101-Water Charges For Kwa Street Taps എന്ന ചെലവ് ഹെഡിൽ ആകെ 4,15,964 രൂപ മാത്രമേ ചെലവ് കാണിക്കുന്നുള്ളൂ. ( 4,97,839 രൂപ കുറവ്).

Iii) തനത് ഫണ്ടിൽ നിന്നും തെരുവ് വാട്ടർ ടാപ്പുകളുടെ കുടിവെള്ള ചാർജ് ഇനത്തിൽ ഒടുക്കിയ തുക ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്ത വകയിൽ മുകളിൽ (Ii) യിൽ പരാമർശിച്ച തുക കൂടാതെ 4,15,964 രൂപ കൂടി ഈ അക്കൗണ്ടിൽ 27.03.2023 ന് വരവ് വന്നിട്ടുണ്ട്. എന്നാൽ നാളിതു വരെ ഈ തുകയ്ക്ക് റശീതി വൗച്ചർ തയ്യാറാക്കിയിട്ടില്ല. നിലവിലും ഈ തുക റീക്കൺസിലിയേഷൻ പത്രികകളിൽ Directly Credited By Bank എന്ന കണക്കിൽ തുടരുകയാണ്.

**1-1-4 വായ്പാ കണക്കിലെ അപാകങ്ങൾ-**

1) ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC വായ്പയുടെ കണക്കുകൾ 2022-23 വർഷം രണ്ടു ഹെഡുകളിൽ ചേർത്തതായി കാണുന്നു. 320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes എന്ന ഹെഡിൽ 1,38,10,000 രൂപയും 330500201 -Secured Loans - Loan From KURDFC എന്ന ഹെഡിൽ 1,55,40,000 രൂപയുടെ വായ്പയും എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. (ആകെ 2,93,50,000 രൂപ). വായ്പാ ബാദ്ധ്യത രണ്ടു ഹെഡുകളിൽ രേഖപ്പെടുത്തിയതിന് വിശദീകരണം ആവശ്യമാണ്.

2) മേൽ വിവരിച്ച പ്രകാരം രണ്ടു ഹെഡുകളിലായി ആകെ 2,93,50,000 രൂപ 2022-23 ൽ ലോൺ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും KURDFC ലോൺ തുക കൈകാര്യം ചെയ്യുന്നതിനായി കേരള ബാങ്കിൽ ഏപ്രിൽ 2022 ൽ ആരംഭിച്ച അക്കൗണ്ടിൽ 2022-23 ൽ ആകെ 2,91,30,000 രൂപ മാത്രമേ വരവ് വന്നിട്ടുള്ളൂ. 2,20,000 രൂപ 320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes , 330500201 -Secured Loans - Loan From KURDFC എന്നീ ഹെഡുകളിലായി അധികം രേഖപ്പെടുത്തിയിട്ടുണ്ട്.

3) 320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes എന്ന ഹെഡിൽ 01.04.2022 ൽ മുന്നിരിപ്പുണ്ടായിരുന്ന 3,10,000 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ഷെഡ്യൂൾ B5- 330500201- Loan From KURDFC എന്ന കണക്കിൽ 2,77,69,456 രൂപയാണ് വായ്പാ ബാദ്ധ്യത. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-Prepaid Programme Expense) 2,76,89,456 രൂപ മാത്രമേ ചേർത്തിട്ടുള്ളു.

5) തൻവർഷ ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വികസന ഫണ്ട് ജനറൽ- 13,80,430 രൂപ

വികസന ഫണ്ട് എസ്.സി.എസ്.പി- 1,55,598

വികസന ഫണ്ട് ടി.എസ്.പി- 37,52,928

ആകെ - 52,88,956

എന്നാൽ 330500201 | Secured Loans - Loan From KURDFC എന്ന ഹെഡിൽ തൻവർഷ ലോൺ തിരിച്ചടവ് രേഖപ്പെടുത്തിയിരിക്കുന്നത് ചുവടേ ചേർത്ത പ്രകാരമാണ്.

വികസന ഫണ്ട് ജനറൽ- 13,80,430 രൂപ

വികസന ഫണ്ട് എസ്.സി.എസ്.പി- 1,954,263 രൂപ

വികസന ഫണ്ട് ടി.എസ്.പി- 37,52,928

ആകെ- 70,87,621 രൂപ

വികസന ഫണ്ട് എസ്.സി.എസ്.പി യിൽ നിന്നുള്ള ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ ചേർത്തതിൽ പിശക് സംഭവിച്ചതിനാൽ 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ലോൺ നീക്കിയിരിപ്പ് തെറ്റാണ്.

**1-1-5 ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിന്റെ കണക്കുകളിലെ അപാകങ്ങൾ-**

ലൈഫ് മിഷൻ സംസ്ഥാന വിഹിതം കൈകാര്യം ചെയ്തത് എസ്.ബി.ഐ ഇപേമെന്റ് അക്കൗണ്ട് നം. 9693 ൽ ആണ്. ഈ അക്കൗണ്ടിൽ 2022-23 ൽ വരവ് വന്ന സംസ്ഥാന വിഹിതം തുക 1,48,95,000 രൂപയാണ്. എന്നാൽ 320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ഹെഡിൽ 2022-23 ൽ 1,47,75,000 രൂപ വരവ് കാണിച്ചിട്ടുണ്ട്. (1,20,000 രൂപ കുറവ്).

**1-1-6 ചെലവുകൾക്കനുസരിച്ച് ബാദ്ധ്യതാ തുകകളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല-**

1) 320100198- Grant From Suchitwa Mission എന്ന കണക്കിൽ 31.03.2023 ൽ 7,69,390 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ റസീറ്റ് വൗച്ചർ നം. 1220000298/31.3.2023 പ്രകാരമുള്ള 5,69,390 രൂപ കൂടി ഉൾപ്പെടുന്നു. എന്നാൽ ഈ തുക പേമെന്റ് വൗച്ചർ നം.22201165/31.03.2023 പ്രോജക്ട് നം.87/2023 നായി ചെലവു ചെയ്തിട്ടുള്ളതാണ്. 320100198- Grant From Suchitwa Mission എന്ന കണക്കിലെ ബാദ്ധ്യത തത്തുല്യമായി കുറവു ചെയ്തിട്ടില്ല.

2) 320100202- Health Grant Towards Support For Diagnostic Infrastructure To PHCs എന്ന കണക്കിൽ 31.03.2023 ൽ 3,19,690 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വിവിധ പേമെന്റ് വൗച്ചറുകൾ പ്രകാരം ഈ തുകയിൽ നിന്ന് 3,11,691 രൂപ ചെലവ് ചെയ്തിട്ടുള്ളതാണ്. 320100202- Health Grant Towards Support For Diagnostic Infrastructure To PHCs എന്ന കണക്കിലെ ബാദ്ധ്യത തത്തുല്യമായി കുറവു ചെയ്തിട്ടില്ല.

3) 320100204- Health Grant Towards Support For Conversion Of PHCs Into Wellness Centres എന്ന കണക്കിൽ 31.03.2023 ൽ 2,41,700 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വിവിധ പേമെന്റ് വൗച്ചറുകൾ പ്രകാരം ഈ തുകയിൽ നിന്ന് 2,40,000 രൂപ ചെലവ് ചെയ്തിട്ടുള്ളതാണ്. 320100204- Health Grant

Towards Support For Conversion Of PHCs Into Wellness Centres എന്ന കണക്കിലെ ബാദ്ധ്യത തത്തുല്ല്യമായി കുറവു ചെയ്തിട്ടില്ല.

## 1-1-7 പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

1) 311100101-പഞ്ചായത്ത് ദുരിതാശ്വാസ നിധി എന്ന കണക്കിൽ 31.03.2023 ലെ നീക്കിയിരിപ്പ് ബാദ്ധ്യത 21,765 രൂപയാണ്. എന്നാൽ ബേഡഡുക്ക ഫാർമേഴ്സ് സർവീസ് സഹകരണ സംഘത്തിലെ 0267 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് നീക്കിയിരിപ്പുള്ളത് 6,720 രൂപ മാത്രമാണ്.

2) ഷെഡ്യൂൾ B4- 320100162- SSA എന്ന കണക്കിൽ 2,24,590 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ 450240162- UBI Account No.13893 എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ലെ നീക്കിയിരിപ്പ് 2,24,484 രൂപയാണ്.

3) ഷെഡ്യൂൾ B4-320200104-CFC Basic Grant എന്ന കണക്കിൽ 3,51,086 രൂപയും 320200113-CFC Tied Grant എന്ന കണക്കിൽ 35,51,920 രൂപയുമടക്കം 39,03,006 രൂപയുടെ ബാദ്ധ്യതാ നീക്കിയിരിപ്പുണ്ട്. എന്നാൽ CFC ഫണ്ട് കൈകാര്യം ചെയ്യുന്ന കേരള ഗ്രാമീൺ ബാങ്കിലെ 25033 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് 39,34,988 രൂപ നീക്കിയിരിപ്പുണ്ട്.

## 1-1-8 സംഭാവന തുക വരുമാനമായി രേഖപ്പെടുത്തി

വാതിൽപ്പടി സേവന പദ്ധതിക്കായി ലഭിച്ച സംഭാവന തുക ബാദ്ധ്യതാ കണക്കിൽ പെടുത്താതെ വരുമാനക്കണക്കിൽ ചേർത്തതായി കാണുന്നു. ബേഡഡുക്ക ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലെ 3243 നമ്പർ അക്കൗണ്ടിൽ സംഭാവനയായി ലഭിച്ച 12,000 രൂപയാണ് 180900102- Voluntary Contributions എന്ന വരുമാനക്കണക്കിൽ ചേർത്തിട്ടുള്ളത്.

## 1-1-9 ദുരിതാശ്വാസ നിധി-അപാകതകൾ

കെ) ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ലഭിച്ച 10,200 രൂപ ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചു. 23.03.2023 ലെ റസീറ്റ് വൗച്ചർ നം. 1220106186 പ്രകാരമുള്ള 10,000രൂപയും 05.12.2022 ലെ 1220103141 നമ്പർ റസീറ്റ് വൗച്ചർ പ്രകാരം ഉള്ള 200 രൂപയുമാണ് തനതു ഫണ്ടിൽ നിക്ഷേപിച്ചത്. എന്നാൽ തൻവർഷം ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായങ്ങൾ എല്ലാം നടത്തിയത് ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിൽ നിന്നുമാണ്. തനതു ഫണ്ടിൽ നിക്ഷേപിച്ച തുക ചെലവഴിച്ചിട്ടില്ല.

എൽ) ദുരിതാശ്വാസ നിധിയുടെ ബേഡഡുക്ക ഫാർമേഴ്സ് സർവീസ് സഹകരണ സംഘത്തിലെ 0267 നമ്പർ അക്കൗണ്ടിൽ 558 രൂപ പലിശ വരവ് വന്നിരുന്നു. എന്നാൽ ഈ തുക 311100101- Panchayats Distress Relief Fund എന്ന കണക്കിലേക്ക് വരവു വച്ചിട്ടില്ല. പകരം 171100101-Interest From Bank Accounts എന്ന വരുമാനക്കണക്കിലാണ് വരവു വച്ചിട്ടുള്ളത്.

## 1-1-10 ഫെസ്റ്റിവൽ അഡ്വാൻസ് കണക്കിൽ നിലവിലില്ലാത്ത തുക

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 460100101-Festival Advance വകയിൽ 4,000 രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ ഈ തുകകൾ രശീതി വൗച്ചർ നം.1220101633/27.03.2023, 12201016350/27.03.2023 എന്നിവ പ്രകാരം തിരിച്ചടക്കപ്പെട്ടിട്ടുണ്ട്. 460100101-Festival Advance എന്ന കണക്കിൽ ക്രമീകരണം വരുത്തിയിട്ടില്ല.

**1-1-11 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ**

1) 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 2,77,397 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ നീക്കിയിരിപ്പുള്ള ആകെ തുകകൾ മാത്രമേ 2022-23 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടുള്ളൂ എന്ന് കാണുന്നു. ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ ക്യാരി ഓവർ ചെയ്തിട്ടില്ല. (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം). ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ഉള്ള ബാദ്ധ്യതാ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2) 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 29,36,301 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുള്ള ആകെ തുകകൾ മാത്രമേ 2022-23 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടുള്ളൂ എന്ന് കാണുന്നു. അഡ്വാൻസിന്റെ വിശദ വിവരങ്ങൾ ക്യാരി ഓവർ ചെയ്തിട്ടില്ല. (അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം). ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ഉള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

**1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-13 വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ചുവടെ ചേർത്ത ഹെഡുകൾ പ്രകാരമുള്ള തൻവർഷത്തെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല(പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

312100128- Capital Contribution From NREGA- 1,38,53,779

312100201- Capital Contribution From Development Fund General- 4,55,304

312100203- Capital Contribution From Development Fund TSP- 76,930

312100204- Capital Contribution From Development Fund CFC Basic Grant- 17,097

312100205- Capital Contribution From Development Fund CFC Performance Grant- 5,77,316

312100211- Capital Contribution From CFC Tied Grant- 48,85,029

312100301-Capital Contribution From Maintenance Fund Road- 13,96,769

312100302- Capital Contribution From Maintenance Fund Non Road- 58,265

ബി) ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ്യങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ്

നിലവിലുള്ളത് എന്നും വിശദീകരിച്ചിട്ടില്ല.

320100105- Awards And Honours-Central Govt- 8,50,626

320100145- NPRPD- 30,000

320100181- Total Sanitation Campaign- 1,34,728

320100199- Other Liabilities- 40,344

320200307- MLA Fund For LAD- 1,80,000

320700205- Contributions From District Panchayats- Revenue Expenditure- 5,00,000

സി) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350200119- Recoveries Payable-Covid- 1,30,456

350200199- Recoveries Payable-Other Recoveries From Employees-12,569

350300112- Refunds And Other Dues Payable- Court Fee Stamp- 875

350400999- Refund Of Unutilised Grants- Prior Period- 93,190

ഡി) 2022-23 വർഷത്തിൽ വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-14 Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക്

ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 1,47,34,492 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം 31.03.2023 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) (-) 1,24,69,949 രൂപയാണ്.

### 1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 2/2(1)-തീ.26/03/2022 | 9 (1)-തീ.28/02/2023 |
| മുന്നിരിപ്പ് | 80,48,741 | 1,22,85,783 |
| വരവ് | 43,05,28,661 | 39,74,52,171 |
| ആകെ | 43,85,77,402 | 40,97,37,954 |
| ചെലവ് | 43,54,42,161 | 39,53,07,343 |
| നീക്കിയിരിപ്പ് | 31,35,241 | 1,44,30,611 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 1,72,77,517.50 |
| വരവ് | 8,50,19,868 |
| ആകെ | 10,22,97,385.50 |
| ചെലവ് | 8,48,88,978 |
| നീക്കിയിരിപ്പ് | 1,74,08,407.50 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,11,927 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 2,30,32,001 | 2,30,32,001 | 2,23,58,792 | 6,73,209 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 12,47,000 | 12,47,000 | 11,66,248 | 80,752 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 76,10,000 | 76,10,000 | 75,89,988 | 20,012 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 7,667 | 41,43,419 (1,38,419 രൂപ പലിശ സഹിതം) | 41,51,086 | 38,00,000 | 3,51,086* (നീക്കിയിരിപ്പ്) |
| | ട്രഷറി | 0 | 56,289 | 56,289 | 55,015 | 1,274 (ലാപ്സായ തുക) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 45,90,076 | 60,08,000 | 1,05,98,076 | 70,46,156 | 35,51,920* (നീക്കിയിരിപ്പ്) |
| | ട്രഷറി | 0 | 17,97,382 | 17,97,382 | 15,20,699 | 2,76,683 (ലാപ്സായ തുക) |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 0 | 1,60,74,000 | 1,60,74,000 | 1,14,22,543 | 46,51,457 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | | 0 | 72,75,000 | 72,75,000 | 69,01,818 | 3,73,182 |
| വിവിധ പെൻഷനുകൾ | | 0 | 4,68,73,200 | 4,68,73,200 | 4,68,73,200 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 90,000 | 90,000 | 90,000 | 0 |
| **സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്)** | | 8,85,796 | 13,32,360 | 22,18,156 | 22,18,156 (5,00,000 രൂപ 2021-22 ലും 3,85,796 രൂപ 2022-23 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | ല്ലമായി 8,85,796 രൂപ സർക്കാർ തിരിച്ചെടുത്തു.) | |
| **സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് )** | 4,06,436 | 15,22,275 | 19,28,711 | 19,28,711 (4,00,000 രൂപ 2021-22 ലും ബാക്കി 6,436 രൂപ 2022-23 ലും സർക്കാർ തിരിച്ചെടു)ത്തു) | 0 |
| **കേന്ദ്രാവിഷ്കത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 7,67,87,431 | 7,67,87,431 | 7,67,83,116 | 4,315 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 4,13,024 | 21,68,364 | 25,81,388 | 16,78,492 | 9,02,896 |
| ടോട്ടൽ സാനിറ്റേഷൻ | 19,41,779 | 0 | 19,41,779 | 0 | 19,41,779 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 3,19,690 | 3,19,690 | 3,11,691 | 7,999 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 2,41,700 | 2,41,700 | 2,40,000 | 1,700 |
| SSA | 2,18,439 | 6,204 | 2,24,643 | 53 | 2,24.590 |
| NPRPD | 30,000 | 0 | 30,000 | 0 | 30,000 |
| PYCKA | 1,35,517 | 3,697 | 1,39,214 | 0 | 1,39,214 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ്/ അംഗീകാരം | 8,50,626 | 0 | 8,50,626 | 0 | 8,50,626 |
| **സംസ്ഥാനാവിഷ്കത പദ്ധതി** | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 43,18,808 | 1,47,75,000 | 1,90,93,808 | 1,50,65,000 | 40,28,808 |
| ശുചിത്വ മിഷൻ | 2,00,000 | 19,68,961 | 21,68,961 | 19,68,961 | 2,00,000 |
| MLA യുടെ പ്രാദേശിക വികസന ഫണ്ട് | 1,80,000 | 0 | 1,80,000 | 0 | 1,80,000 |
| മറ്റുള്ളവ | | | | | |
| ഗുണഭോക്തൃ വിഹിതം | 1,29,705 | 1,36,930 | 2,66,635 | 2,44,180 | 22,455 |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 30,10,030/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 1,55,598/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 37,52,928/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 1,38,419 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,39,50,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സർക്കാർ റിസംപ്ഷൻ നടത്തിയ വകയിൽ ജനറൽ പർപ്പസ് ട്രഷറി അക്കൗണ്ടിലേക്ക് 22,82,703 രൂപ തിരികെ

ലഭിക്കാനുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

6) * ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied), ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) എന്നിവയുടെ മേൽ പട്ടിക പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 39,03,006 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കേരള ഗ്രാമീൺ ബാങ്കിലെ 31.03.2023 ലെ നീക്കിയിരിപ്പ് 39,34,988 രൂപയാണ്. 31,982 രൂപ വിവിധ ബില്ലുകളിൽ നിന്നുള്ള റീട്ടെൻഷൻ തുകയാണ്.

## 1-5 പദ്ധതി അവലോകനം.

എ ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 21,91,46,250 | 163 | 11,65,04,919 | 0 | 28 | 85.34 |

ബി) നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതി കളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ്തുക | |
| 1 | സെക്രട്ടറി | 30 | 1,32,01,811 | 24 | 1,08,24,589 | 81.99 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 18 | 67,82,019 | 16 | 49,57,215 | 73.09 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 67 | 4,07,25,606 | 51 | 2,50,10,751 | 61.41 |
| 4 | കൃഷി ഓഫീസർ | 13 | 49,97,854 | 12 | 42,32,072 | 84.6 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 27,34,050 | 8 | 13,27,050 | 48.53 |
| 6 | വി.ഇ.ഒ-1 | 25 | 13,26,24,441 | 24 | 5,51,80,384 | 41.60 |
| 7 | ICDS സൂപ്പർവൈസർ | 12 | 1,05,03,587 | 12 | 78,47,917 | 74.71 |
| 8 | പ്രധാനാധ്യാപകൻ | 8 | 24,88,647 | 7 | 23,26,793 | 93.49 |
| 9 | MO, ആയുർവ്വേദം | 1 | 6,00,000 | 1 | 6,00,000 | 100 |
| 10 | MO, താലൂക്ക് ആശുപത്രി | 6 | 22,88,235 | 6 | 22,73,310 | 99.34 |
| 11 | MO, ഹോമിയോ | 1 | 6,00,000 | 1 | 6,00,000 | 100 |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 16,00,000 | 1 | 13,24,838 | 82.80 |
| | ആകെ | 191 | 21,91,46,250 | 163 | 11,65,04,919 | 53.16 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 7,13,606 | 713606 | 7,09,291 | 4315 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 7,60,73,825 | 7,60,73,825 | 7,60,73,825 | 0 |
| ആകെ | 0 | 7,67,87,431 | 7,67,87,431 | 7,67,83,116 | 4,315 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 1138 പദ്ധതികളുൾപ്പെടുന്ന 21,94,72,125 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 349 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 174674 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 587 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3852200 | 307 |
| വിധവാപെൻഷൻ | 15438400 | 1318 |
| വാർദ്ധക്യകാലപെൻഷൻ | 21825200 | 1836 |
| വികലാംഗപെൻഷൻ | 4995800 | 410 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 761600 | 68 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2023 തീയതിയിൽ 2.20 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 5,114/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) 30.09.2021 ലെ ഓഫീസ് ഉത്തരവ് നം. 37/2021 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ

ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും 15.11.2023 ലെ സ്ഥിതിയനുസരിച്ച് 47ഫയലുകൾ പെന്റിംഗ് ആയും 401 ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. ആകെ 915 ഫയലുകളിൽ തുടർ നടപടികൾ എടുക്കാൻ ബാക്കിയുണ്ട്. 728 ഫയലുകൾ പാർക്ക് ചെയ്തിട്ടുമുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്,

3) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

എ) <u>പഞ്ചായത്ത് കമ്മിറ്റി-</u>

പഞ്ചായത്ത് കമ്മിറ്റി 2022-23 ൽ 29 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ടുസുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളുടെ മിനുട്ട്സുകൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 03.01.2023 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 04.04.2023 ന് മാത്രമാണ്. 22.07.2023 മുതൽ 13.11.2023 വരെയുള്ള കാലയളവിൽ ചേർന്ന 5 യോഗങ്ങളുടെ മിനുട്ട്സ്സുകൾ ഓഡിറ്റ് തിയതി വരെ പൂർണമാക്കിയിട്ടില്ല. ഇത്തരത്തിൽ മിനുട്ട്സുകൾ തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യോഗങ്ങളുടെ പിറ്റേ ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

ബി) <u>ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി-</u>

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 23 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

സി) <u>വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 21തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. പുതിയ പ്രോജക്ട് നിർദേശങ്ങളും പ്രോജക്ട് ഭേദഗതി ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്.

ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 31 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനുട്ട്സ് വിശദവും വ്യക്തവുമായി എഴുതിയിട്ടുണ്ട്. മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് പെൻഷനുകൾ റദ്ദാക്കാൻ ഉള്ള തീരുമാനങ്ങൾ കമ്മിറ്റി എടുത്തിട്ടുണ്ട്.

ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 24 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. യോഗങ്ങളിൽ പകർച്ച വ്യാധികൾ, പ്ലാസ്റ്റിക് നിരോധനം, തെരുവ് നായ ശല്യം, മാലിന്യ പ്രശ്നങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഹരിത കർമ സേനയുടെ പ്രവർത്തനം തുടങ്ങി ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചുള്ള പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

4) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം എല്ലാ മാസവും കൃത്യമായി ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്.

5) ഗ്രാമ പഞ്ചായത്ത് നികുതി പിരിവിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തതനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

6) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

7) 1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 4 യോഗങ്ങൾ ചേർന്നിരുന്നു. പഞ്ചായത്ത് സെക്രട്ടറി, ചില നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായും അല്ലാതെയും നടത്തിയ വാങ്ങലുകളിൽ കമ്മിറ്റി ഇടപെട്ടിട്ടുണ്ട്.

9) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

10) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ , തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അവയിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതു പോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

11) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 തനത് വരുമാനം -അവലോകനം

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധന സഹായങ്ങളും, പഞ്ചായത്ത് പരിധിയിൽ നിന്നും ലഭിക്കുന്ന നികുതി നികുതിയേതര വരുമാനങ്ങളുമാണ്. സംസ്ഥാന നിയമ നിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്)-പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ.

വസ്തുനികുതി

തനതു വരുമാന സ്രോതസ്സുകളിൽ, വസ്തുനികുതിയാണ് ഗ്രാമപഞ്ചായത്തുകളുടെ ഏറ്റവും പ്രധാന വരുമാന സ്രോതസ്സ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രൈയിനേജ് എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി

നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 16.06.2023ലെ 20/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SC3/3335/2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തു നികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവ കണ്ടെത്തി നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ഫീൽഡ് തല പരിശോധനകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഇ-പെയ്മെന്റ് സംവിധാനത്തിലൂടെ വസ്തുനികുതി ഒടുക്കുന്നത്, ഉടനെ തന്നെ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ്**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ILGMS അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും ILGMS അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസിലിയേഷൻ നടത്തേണ്ടതുമാണ്. ഇതിനായി ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ട പ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ ഹരിതകർമ്മ സേനയുടെ ഹരിതമിത്രം ആപ്പ് വഴി ലഭിക്കുന്ന വിവരങ്ങളുമായി ഒത്തുനോക്കി, എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

നിർമ്മാണ പെർമിറ്റും ക്രമവത്കരണവും

പെർമിറ്റ് /ക്രമവത്കരണ ഫീസിന്റെ വർദ്ധന തനത് വരുമാനത്തിന്റെ വളർച്ചക്ക് കാരണമായിട്ടുണ്ട്.

തൊഴിൽനികുതി

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ്

വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ അൺ എയിഡഡ് / സ്വകാര്യ കോളജുകൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന എല്ലാവരുടെയും വിശദാംശങ്ങളും അവരുടെ തൊഴിൽനികുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ

ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1.ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും, ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ, കാലികമാക്കുന്നതിനൊപ്പം ബന്ധപ്പെട്ട വസ്തുനികുതിയും പുനക്രമീകരിച്ചുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3. വാടകക്ക് കൊടുത്തിട്ടുള്ള വാസഗൃഹങ്ങളുടെയും അപ്പാർട്ട്മെന്റുകളുടെയും വസ്തുനികുതി പൊതുവായ നിരക്കിൽ നിന്നും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കാവുന്നതാണ്.

4.ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

5.വിനോദനികുതി ലഭ്യമാക്കാനുതകുന്ന സിനിമ തിയറ്ററുകൾ / മൾട്ടി പ്ലക്സുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

6.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ, തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും കൃത്യമായ നിരക്കിൽ നികുതി ഈടാക്കുന്നുവെന്നും, വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**1-11 എഫ് റ്റി ഇ ഒ എസ് ലൈസൻസ് - അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ, രേഖകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് കളക്ഷൻ ക്രമ പ്രകാരമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ച് ആയത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കുന്നത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം17/16.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

സ്ഥാപനങ്ങുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കിയില്ല. നിലവിൽ ILGMS അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധന നടത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)ഫീൽഡ് പരിശോധന സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1885 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 591 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് ലൈസൻസ് ഫീ ഇനത്തിലും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് സംഭവിച്ചിട്ടുണ്ടെങ്കിലും സംരംഭകലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അത്തരം സ്ഥാപനങ്ങളിൽ ലൈസൻസ് എടുപ്പിക്കുന്നതിൽ സ്ഥാപനം പൂർണ്ണമായും പുരോഗതി കൈവരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി 100% ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 535 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 22 |
| 3 | ഹോട്ടൽ/ഫുഡ് കോർട്ട് | 43 |
| 4 | സലൂൺ / സ്പാ | 7 |
| 5 | ഓഫീസ് കെട്ടിടങ്ങൾ | 54 |
| ആകെ | | 661 |

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റും സംരംഭക ലൈസൻസ് സംബന്ധിച്ച ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് തുക, ഫണ്ട് | തുക കൈപ്പറ്റിയ സ്ഥാപനം & ബില്ല് നം |
|---|---|---|---|---|
| 1 | 179/23 | വിവിധകമ്മ്യൂണിറ്റി ഹാളുകൾവൈദ്യുതീകരിക്കുന്നതിന് KSEB-യ്ക്ക് തുക കൈമാറൽ - ആകെ ചെലവ് 47,224 രൂപ (MG-NR) | 47,224 രൂപ (MG-NR) | 47,224 രൂപ KSEB കുറ്റിക്കോൽ സെക്ഷന് കൈമാറിയിരുന്നു. 44,770 രൂപ (BRN 22200752003 800491442 തീയതി 29.8.22) + 2,454 രൂപ (BRN 22200752003 801065845തീയതി 19.1.23) |
| 2 | 227/23 | കാസർഗോഡ് ജില്ലാ ആസൂത്രണ സമിതി കെട്ടിടനിർമ്മാണത്തിന് വിഹിതം കൈമാറൽ | 3,00,000 - വികസന ഫണ്ട് | മെമ്പർ സെക്രട്ടറി, ഡി.പി.സി കാസർഗോഡ്, 3,00,000 രൂപ (BRN22200752003801290970തീയതി 1.3.2023) |
| 3 | 8/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 1,04,755 രൂപ വികസന ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം, 97,406രൂപ (BRN 2220075200 3800819130 തീയതി 25.11.22) +7,349 രൂപ (BRN 2220075 2003801290980/തീയതി 4.3.23) |
| 4 | 243/23 | ബാലനടുക്കം സ്മാർട്ട് അങ്കണവാടി,അരമനപ്പടി അങ്കണവാടി ബോർവെൽ നിർമ്മാണത്തിന് തുക കൈമാറൽ | 1,82,203 രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ് | KWA കാസർഗോഡ്, വൗച്ചർ നം. XVFC/22-23/ P/28/20.03.23 - 1,82,203 രൂപ |
| 5 | 181/23 | സൗജന്യ ഡയാലിസിസ് - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ- | 3,00,000 - വികസന ഫണ്ട് | മെഡിക്കൽ ഓഫീസർ, മുളിയാർ CHC,3,00,000രൂപ (BRN22200752 003801079496/തീയതി 23.1.23) |
| 6 | 183/23 | ആനമതിൽ - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം കൈമാറൽ- | 3,00,000 - വികസന ഫണ്ട് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, FDA കാസർഗോഡ്. 3,00,000 രൂപ (BRN 222007520038010 79505/ തീയതി 23.1.23) |
| ആകെ | | | 12,34,182 രൂപ | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 8/2022-23 തീയതി 14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 12,34,182/- രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

**1-13 കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് -ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത.**

പ്രോജക്റ്റ് നം. 11/2022-23, പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ.

വിനിയോഗിച്ച തുക – 9,13,803 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

| | |
|---|---|
| പ്രോജക്റ്റ് നം. | 11/2022-23, പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ. |
| വിനിയോഗിച്ച തുക | 9,13,803 രൂപ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ബില്ല് നം | 4,97,839 രൂപ. (BRN No22200752003800989166/ തീ.3.1.2023) |
| | 4,15,964 രൂപ. (BRN No22200752003801446015/ തീ.23.3.2023) |

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 2022-23 വർഷത്തെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ പ്രൊജക്റ്റ് നം.11/22-23 പ്രകാരം 9,13,803/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (ടൈഡ് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനവിനിയോഗ മാർഗ്ഗരേഖ സ.ഉ(കൈ).നം103/2020 തസ്വഭവ തി.30.6.2020 ഖ. 5.3പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ (A)ശുചിത്വം, ഖരമാലിന്യ സംസ്കരണം, ODFപദ്ധതികൾ നിലനിർത്തലും പുതിയവയും, (B) കുടിവെള്ള പ്രൊജക്റ്റുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം എന്നീ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭ്യർത്ഥനയെ തുടർന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് ( സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022). ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നിലവിലെ കുടിവെള്ള കുടിശ്ശിക ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)ൽ നിന്നും 2022-23 വർഷം ചെലവഴിച്ച 9,13,803/- രൂപ തൻ വർഷം തനത് ഫണ്ടിൽ നിന്ന് ഒടുക്കിയ കുടിവെള്ള ചാർജ്ജ് റീ ക്ലൂപ്പ് ചെയ്ത് എടുക്കുന്നതിനാണ് വിനിയോഗിച്ചത്. തൻവർഷം തനത് ഫണ്ടിൽ നിന്ന് ഒടുക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക അടവാക്കിയ മാസം | വൗച്ചർ നമ്പർ | തുക | റീ ക്ലൂപ്പ് ചെയ്ത് തുക |
|---|---|---|---|
| ജൂൺ | 42200252/തീ.13.06.2022 | 10,961 | 4,97,839 |
| ജൂലൈ | 42200357/തീ.07.07.2022 | 68,974 | |
| ജൂലൈ | 42200403/തീ.25.07.2022 | 68,974 | |
| ആഗസ്റ്റ് | 42200480/തീ.23.08.2022 | 71,979 | |
| സപ്തംബർ | 42200549/തീ.23.09.2022 | 68,974 | |
| ഒക്ടോബർ | 42200651/തീ.26.10.2022 | 68,974 | |
| ഒക്ടോബർ | 42200652/തീ.26.10.2022 | 1,055 | |
| നവംബർ | 42200725/തീ.24.11.2022 | 68,974 | |
| ഡിസംബർ | 42200818/തീ.28.12.2022 | 68,974 | |

| | | | |
|---|---|---|---|
| ജനവരി | 42200914/തീ.23.01.2023 | 68,974 | 4,15,964 |
| ഫെബ്രുവരി | 42200994/തീ.24.02.2023 | 1,73,495 | |
| മാർച്ച് | 42201110/തീ.22.03.2023 | 1,73,495 | |
| ആകെ | | | 9,13,803 |

സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022 ഉത്തരവിലെ നിർദ്ദേശം പ്രകാരം നിലവിലെ കുടിശ്ശിക തുക ഒടുക്കാൻ അനുമതിയുണ്ടെങ്കിലും തൻവർഷത്തെ കുടിവെള്ള ചാർജ്ജ് ഒടുക്കാമെന്നത് ഈ ഉത്തരവിൽ പരാമർശിക്കുന്നില്ല. കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖയിലും ഇത്തരത്തിൽ തുക വിനിയോഗിക്കാമെന്ന് പരാമർശിച്ചിട്ടില്ല. സർക്കാർ മാർഗ്ഗ രേഖ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിനാൽ ചെലവ് തുക 9,13,803/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.7/തീ.14.11.2023)

**1-14 കെട്ടിട നിർമ്മാണം-കെട്ടിടങ്ങൾ ക്രമവത്കരിക്കുകയും തുടർന്ന് പെർമ്മിറ്റ് അനുവദിക്കുകയും ചെയ്യുമ്പോൾ പെർമ്മിറ്റ് ഫീസ് കുറവായി ഈടാക്കിയതും മറ്റ് അപാകതകളും**

**1)പെർമ്മിറ്റ് ഫീസ് കുറവായി ഈടാക്കി.**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 9(4) (ഷെഡ്യൂൾ II) പ്രകാരം 150 ച.മീ താഴെയുള്ള ഗ്രൂപ്പ് AI വാസഗൃഹങ്ങൾക്ക് ച.മീ ന് 3.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 7 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 10 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (4) പ്രകാരം ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്, കൂടാതെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92 പ്രകാരം പെർമ്മിറ്റ് നേടാതെ ആരംഭിച്ച ജോലികൾക്ക് നിലവിൽ നിർമ്മിച്ച ഭാഗത്തിന് ക്രമവത്കരണത്തിനുള്ള കോംപൗണ്ടിംഗ് ഫീസിനു തുല്ല്യമായ തുകയും ശേഷിക്കുന്ന നിർമ്മിക്കാനുള്ള ഭാഗത്തിന് പെർമ്മിറ്റ് ഫീസും ഈടാക്കിക്കൊണ്ട് പ്രവൃത്തി തുടരുന്നതിന് അനുമതി നൽകാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണം തുടങ്ങുകയും കെട്ടിട നിർമ്മാണം പൂർത്തിയാകാത്തുമായ കെട്ടിടങ്ങൾ അതുവരെയുള്ള നിർമ്മാണം ക്രമവൽക്കരണം ചെയ്ത് കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകിയപ്പോൾ താഴെ ചേർക്കും വിധം ഈടാക്കിയ ഫീസിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നം | ഫയൽ നം | ഉടമസ്ഥന്റെ പേര് | കെട്ടിടതരം & കെട്ടിട അളവ് | ഈടാക്കേണ്ട തുക(ക്രമവത്കരണ ഫീ+പെർമ്മിറ്റ്ഫീ) | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | Sc 3/9389/22 Dt.16.11.22 @ 1.12.22 | മുഹമ്മദ് കുഞ്ഞി പി | ഗാർഹികം, 152.50 M2 | 3,203 | 2,135 | 1,068 |
| 2 | Sc 3/9167/22 Dt.16.11.22 @ 10.1.23 | ചന്ദ്രൻ പി.ആർ | ഗാർഹികം, 108.44 M2 | 1,139 | 760 | 379 |

| | | | | | | |
|---|---|---|---|---|---|---|
| 3 | Sc 3/1686/ Dt.28,2,23 @ 21.3.23 | ജ്യോതിജാക്ഷൻ എം | ഗാർഹികം, 169.82 M2 | 3,566 | 2,378 | 1,188 |
| ആകെ | | | | | | 2,635 |

മേൽ ഫീസ് പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/തീ.14.11.2023)

**2)റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/തീ.14.11.2023).

**1-15 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി- 2,32,721 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,ഹോമിയോ ആശുപത്രി, ബേഡഡുക്ക

പ്രോജക്ട് നം. 39/2022-23- ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) ബേഡഡുക്കയ്ക്ക് മരുന്നു വാങ്ങൽ

ചെലവ്- 6,00,000 രൂപ- മെയിൻറനൻസ് ഫണ്ട്- നോൺ-റോഡ്

ബിൽ നമ്പർ : 22200752015100716239, തിയതി 10.11.2022

ബേഡഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) ബേഡഡുക്കയ്ക്ക് മരുന്ന് വാങ്ങുന്നതിന് മേൽ ബിൽ നമ്പർ പ്രകാരം രൂപ 6,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (ഹോംകോ-ആലപ്പുഴ) അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-34306403911 ) 6,00,000 രൂപ 10.11.2022-ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, 6,00,000 രൂപയിൽ 3,67,279 രൂപയുടെ മരുന്ന് മാത്രമാണ് ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമായത്. ബാക്കി തുകയായ 2,32,721 (6,00,000-3,67,279=2,32,721) രൂപയുടെ മരുന്ന് ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന തുകയുടെ മരുന്ന് ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 2,32,721 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 3/2022-23 തിയ്യതി : 14.11.2023 ).

**1-16 വെള്ളക്കരം അടവ്- സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അധിക ബാധ്യത**

ഗ്രാമ പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2022-23 വർഷം പ്രതിമാസ ബില്ല്, കുടിശ്ശിക, പിഴ എന്നിവ ഉൾപ്പെടെ ആകെ 9,13,803/- രൂപ കേരള ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ജല അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്ന പ്രതിമാസ ഡിമാന്റ് നോട്ടീസുകൾ പ്രകാരമാണ് ഒരോ മാസത്തേയും ബിൽ തുക ഗ്രാമ പഞ്ചായത്ത് ഒടുക്കിവരുന്നത് . ജല അതോറിറ്റിയുടെ കണക്ക് പ്രകാരം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 143 പൊതു ടാപ്പുകളാണ് നിലവിലുള്ളത്. ഇവയിൽ ജല അതോറിറ്റി അധികൃതരുമായി സഹകരിച്ച്, 05.08.2021 മുതൽ 13.8.2021 വരെ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പ്രകാരമുള്ള വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ബിൽ പ്രകാരമുള്ള ആകെ കുടിവെള്ള ടാപ്പുകളുടെ എണ്ണം | 143 |
| നിലവിലുള്ള കുടിവെള്ള ടാപ്പുകളുടെ എണ്ണം | 127 |
| പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള ടാപ്പുകളുടെ എണ്ണം | 13 |
| നിലവിൽ പ്രവർത്തിക്കുന്ന കുടിവെള്ള ടാപ്പുകളുടെ എണ്ണം | 114 |

പഞ്ചായത്ത് ഭരണസമിതിയുടെ 7.2.2022 - ലെ 13 (8) നമ്പർ തീരുമാന പ്രകാരം പൊതു കുടിവെള്ള ടാപ്പുകളിൽ 33 എണ്ണം നിലനിർത്തി ബാക്കിയുള്ള 81 എണ്ണം ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 25.2.2022 –ലെ ജെ.സി-5-193/22 നമ്പർ തീരുമാന പ്രകാരം കേരള ജല അതോറിറ്റി എൻജിനീയർക്ക് (ബോവിക്കാനം) കത്ത് നൽകിയിട്ടുണ്ട്. 05.08.2021 മുതൽ 13.8.2021 വരെ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പ്രകാരമുള്ള കുടിവെള്ള ടാപ്പുകളുടെ (114എണ്ണം) എണ്ണത്തിനനുസരിച്ചല്ല പഞ്ചായത്തിന് വെള്ളക്കരത്തിന്റെ ബില്ല് നൽകിയിട്ടുള്ളത്. സംയുക്ത പരിശോധന നടത്തുന്നതിന് മുമ്പുള്ള 143 കുടിവെള്ള ടാപ്പുകൾക്കാണ് 2022-23 സാമ്പത്തിക വർഷവും പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം അടച്ചിട്ടുള്ളത്. സംയുക്ത പരിശോധന പ്രകാരം, 29 (143-114=29) കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരവും, പഞ്ചായത്ത് ഭരണസമിതിയുടെ 7.2.2022-ലെ 13(8) നമ്പർ തീരുമാന പ്രകാരം 110 (143-33=110) കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരവും അധികമായി അടച്ചിട്ടുണ്ട്. കുടിവെള്ള ടാപ്പുകളിൽ 33 എണ്ണം മാത്രം നിലനിർത്തുന്നതിനും മറ്റുള്ളവ ഒഴിവാക്കുന്നതിനുമായി 25.2.2022–ലെ ജെ.സി-5-193/22നമ്പർ പ്രകാരം കേരള ജല അതോറിറ്റി എൻജിനീയർക്ക് (ബോവിക്കാനം) അയച്ച കത്തിന് തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് വെള്ളക്കരം ഇനത്തിൽ അധിക ബാധ്യത തുടരുകയാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ : 13 /2022-23 തിയ്യതി : 16.11.2023.) എത്രയും പെട്ടെന്ന് അപാകത പരിഹരിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 മുൻകൂർ തുക കൈപ്പറ്റി ഭവന പുനരുദ്ധാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് 2022-23 വർഷത്തിൽ ഭവന പുനരുദ്ധാരണത്തിന് (ജനറൽ ) ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ട് |
|---|---|---|---|---|---|
| 1 | 40,40,000 രൂപ | 34,50,000 രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1/2022-23 | ഭവന പുനരുദ്ധാരണം (ജനറൽ ) |

വൗച്ചർ നമ്പർ : 22200853

തിയ്യതി : 19.12.2022

ഭവന പുനരുദ്ധാരണ പദ്ധതി ഗുണഭോക്താവായ പക്കീരൻ കാരണവർ, S/O കണ്ണൻ, ബേളന്തടുക്ക

എന്നവർക്ക് മേൽ വൗച്ചർ നമ്പർ പ്രകാരം 50,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റിയ മറ്റ് മുഴുവൻ ഗുണഭോക്താക്കളും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, മേൽ ഗുണഭോക്താവ് ഭവന പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഗുണഭോക്താവിന് നിർദേശം നൽകേണ്ടതാണ്. പ്രവൃത്തി നടപ്പിലാക്കാൻ ഗുണഭോക്താവ് തയ്യാറാകുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുക. തുടർ നടപടി വിവരം അറിയിക്കുന്നതു വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 4/2022-23 തിയ്യതി : 14.11.2023).

## 1-18 മുൻകൂർ തുക നൽകി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നമ്പർ 207/2021-22 പ്രകാരം ഭവന നിർമ്മാണത്തിനായി (പട്ടിക വർഗ്ഗം) ശ്രീമതി.ലക്ഷ്മി മാധവൻ, ഉരുളാല എന്ന ഗുണഭോക്താവിന് 80,000 രൂപ 05.10.2021 ന് മുൻകൂർ നൽകിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ40630101069435). എന്നാൽ 2022-23 സാമ്പത്തിക വർഷത്തിലും ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തി ആരംഭിക്കാത്തതിനാൽ തുടർനടപടികൾ എന്ന രീതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 29.12.2022-ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഗുണഭോക്താവിന് നിർദേശം നൽകേണ്ടതാണ്. പ്രവൃത്തി നടപ്പിലാക്കാൻ ഗുണഭോക്താവ് തയ്യാറാകുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ : 20/2022-23 തിയ്യതി : 16.11.2023).

## 1-19 മുൻകൂർ തുക കൈപ്പറ്റി ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (മൂന്നാം ഘട്ടം) ഭവന പദ്ധതിയിൽ 4 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈഫ് ഭവന പദ്ധതി-.ഗുണഭോക്താക്കൾ | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ലീലാമണി W/O ചെനിയൻ ,മുക്കുട് (2022-23 ഭവനം - പ്രൊജക്ട് നമ്പർ 56/ 2022-23) | 6,00,000 | 2,10,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 2 | കേശവൻ S/O അഡ്ഡു, കൊവ്വൽ (2022-23 ഭവനം -പ്രൊജക്ട് നമ്പർ 56/ 2022-23) | 6,00,000 | 3,60,000 | മേൽക്കൂര നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 3 | ശ്രീകല ,W/O | 6,00,000 | 1,70,000 | ഭിത്തി |

| | | | | |
|---|---|---|---|---|
| | രാജു.ചെമ്പക്കാട് (2022-23 ഭവനം- പ്രൊജക്ട് നമ്പർ 41/2022-23 ) | | | നിർമ്മാണം പൂർത്തീകരിച്ചു, . |
| 4 | അശ്വതി കുഞ്ഞികൃഷ്ണൻ , ചെമ്പക്കാട് | 6,00,000 | 3,30,000 | മേൽക്കൂര നിർമ്മാണം ആരംഭിച്ചിട്ടില്ല. |

തുക കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചവർക്കുള്ള അടുത്ത ഗഡു തുക അനുവദിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ് .

**1-20 ഖരമാലിന്യം നീക്കം ചെയ്യാൻ വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷ ഉപയോഗിക്കുന്നില്ല.**

| | |
|---|---|
| പ്രോജക്ട്നം | So 186/22-23, ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ. |
| ചെലവ് | 4,97,000 രൂപ |
| ബില്ല് വിവരം | 3,50,000 രൂപ (ശുചിത്വ മിഷൻ ഗ്രാന്റ്- CPSMS – CO32358216084/DT.23.3.2023) + 1,47,000 രൂപ ( തനത് ഫണ്ട്- XY-0244154/Dt.27.3.3023) |

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം ഷ്രെഡിംഗ് യൂണിറ്റിലേക്ക് എത്തിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4.97ലക്ഷം രൂപ (HAPPY HANDS GLOBAL- Invoice No. HHG-2022/23-A021 തീ.23.2.2023) വിനിയോഗിച്ച് *MAC AUTO INDIA* നിർമ്മിച്ച ഒരു ഇലക്ട്രിക് ഗുഡ്സ് ഓട്ടോറിക്ഷ ( *Model- E Cart For Garbage With Tipping Facility*) ഗ്രാമ പഞ്ചായത്ത് വാങ്ങിയിരുന്നു (KL 14-AD 0231). പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ Procurement കമ്മിറ്റി ഇലക്ട്രിക് ഗുഡ്സ് ഓട്ടോറിക്ഷ വാങ്ങുവാൻ തീരുമാനിച്ചതിന്റെയും, Procurement കമ്മിറ്റി വാഹനം വാങ്ങുന്നതിന് മുൻപ് വാഹനം പരിശോധിച്ചതിന്റെ രേഖകളും, ഹരിതകർമ്മസേന കൺസോഷ്യത്തിന് വാഹനം കൈമാറിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല (നം.9/തീ.14.11.2023). നിലവിൽ ഗ്രാമ പഞ്ചായത്തിൽ വേണ്ടത്ര സംരക്ഷണമില്ലാതെ കിടക്കുന്ന പ്രസ്തുത വാഹനം ഉപയോഗിക്കാതെയിരുന്നാൽ കേടുപാടുകൾ സംഭവിക്കാൻ സാധ്യത വളരെക്കൂടുതലാണ്. ഇലക്ട്രിക് വാഹനമായതിനാൽ കേടുപാടുകൾ സംഭവിച്ചാൽ ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയായി മാറുവാനും ഇടയുണ്ട്. ആയതിനാൽ മാലിന്യ നീക്കം ലക്ഷ്യമിട്ട് വാങ്ങിയ വാഹനം നശിച്ച് പോകാനിടയാക്കാതെ പ്രസ്തുത വാഹനം ഉപയോഗിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കസ്റ്റോഡിയൻ ഓഫീസറായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മുകളിൽ വിവരിച്ച രേഖകൾ ഹാജരാക്കുന്നതുവരെ 4,97,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം- വണ്ടി വാടക-ആദായ നികുതി ഈടാക്കിയിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നം, പേര് | 12/2023-അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം- വണ്ടി വാടക,<br>96/2023-അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം- വണ്ടി വാടക |
| അടങ്കൽ | 435900/- (തനതുഫണ്ട്) |
| ചെലവ് | 384542/- |

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2022-23 സാമ്പത്തിക വർഷത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ( ക്വട്ടേഷൻ നം. 02/QTN/AE/2022) ശശിധരൻ കെ എന്നയാളുടെ ക്വട്ടേഷൻ (ക്വോട്ട് ചെയ്ത പ്രതിമാസ നിരക്ക് 36000/-രൂപ, വാഹന നം. KL 14 N 185) ഭരണസമിതിയുടെ 18.08.2022 തീയ്യതിയിലെ 5(1) നം. തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാഹന വാടക ഇനത്തിൽ ശശിധരൻ കെ (അക്കൗണ്ട് നം. 15021120042I735) എന്നയാൾക്ക് തൻവർഷം ആകെ നൽകിയ 3,84,542/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം/ തിയ്യതി | തുക |
|---|---|---|
| 1 | 31549/ 14.06.2022 | 35342 |
| 2 | 0244104/ 06.07.2022 | 25200 |
| 3 | 0244110/ 31.08.2022 | 36000 |
| 4 | 0244113/ 22.09.2022 | 36000 |
| 5 | 0244128/ 09.11.0222 | 36000 |
| 6 | 0244128/ 09.11.2022 | 36000 |
| 7 | 0244132/ 14.12.2022 | 36000 |
| 8 | 0244137/ 10.01.2023 | 36000 |
| 9 | 0244144/ 03.02.2023 | 36000 |
| 10 | 0244150/ 16.03.2023 | 36000 |
| 11 | 33862/31.03.2023 | 36000 |
| ആകെ | | 3,84,542/- |

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല.

ആകെ തുകയുടെ 1% (3845/- രൂപ) ആദായ നികുതി ഇനത്തിൽ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 06 തീയ്യതി 14.11.2023)

**1-22 കോക്ലിയർ ഇംപ്ലാന്റ് നടത്തിയ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്- ചെലവ് നടത്തി ഒരു വർഷക്കാലമായിട്ടും ഗുണഫലം ലഭിച്ചിട്ടില്ല.**

നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം. 224/23- കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് ചാർജ്- സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ

ചെലവ്- 1,00,000 രൂപ ( വികസന ഫണ്ട്)

BRN 2220075201240097 5873, തിയതി 29.12.2022 -1,00,000 രൂപ

കോക്ലിയർ ഇംപ്ലാന്റിന് വിധേയരായ രണ്ടു കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 1 ലക്ഷം രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഉപകരണങ്ങളുടെ മെയിന്റനൻസ് സേവനം ലഭിച്ചിട്ടില്ല എന്ന് ഗുണഭോക്താക്കളെ നേരിട്ട് ബന്ധപ്പെട്ടതിൽ നിന്നും മനസ്സിലാക്കുന്നു. ഉപകരണങ്ങൾ കേടാവുകയും മെയിന്റനൻസ് ആവശ്യമാവുകയും ചെയ്ത സാഹചര്യത്തിൽ സേവനത്തിനായി ഗുണഭോക്താക്കൾ നിരന്തരം ബന്ധപ്പെട്ടിട്ടും മെയിന്റനൻസ് സേവനം ലഭ്യമാക്കാത്തത് സോഷ്യൽ സെക്യൂരിറ്റി മിഷന്റെ വീഴ്ചയാണ്. സ.ഉ (സാധാ) നം.162/2023/ SJD, തിയതി 26.07.2023 നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യ നീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ശ്രുതിതരംഗം പദ്ധതിയും ധ്വനി പദ്ധതി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നീ ഉപ പദ്ധതികളും 2023-24 വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള സേവനങ്ങൾ ഇനിയും വൈകാനിടയുണ്ട്. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഈ വിഷയം പരിഗണക്കേണ്ടതും സേവനങ്ങൾ ലഭിക്കാതെ ഉപകരണങ്ങൾ കേടായി ഗുണഭോക്താക്കളായ കുട്ടികൾ കഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവാതെ നോക്കേണ്ടതുമാണ്.

ചെലവ് നടത്തിയെങ്കിലും പദ്ധതിയുടെ ഗുണഫലം അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 11, തിയതി 15.11.2023)

**1-23 തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുന്നില്ല**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. 2022-23 വർഷം നിർമ്മാണം പൂർത്തിയാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് മേൽ ഉത്തരവുകൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ 957/ഇ.ജി.എസ്-സി/18/ആർ.ഇ.ജി.എസ് നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ/ തിയതി | ഈടാക്കേണ്ട ജി.എസ്.ടി (2%) | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|---|
| 1 | ചുള്ളി വിഷ്ണുമൂർത്തി ദേവസ്ഥാനം റോഡ് കോൺക്രീറ്റ് | കെ ഹരിഹരൻ | 379295 | 161422/ 20.08.2022 | 7586 | 3793 |
| 2 | ബെദിര താനത്തിങ്കാൽ റോഡ് കോൺക്രീറ്റ് | അനന്തൻ ടി | 407837 | 216371/ 19.08.2022 | 8156 | 4078 |
| 3 | ചെരാപൈക്കം വലിയടുക്കം റോഡ് സോളിംഗ് | സുരേഷ് കുമാർ എ | 315883 | 221635/ 13.06.2022 | 6318 | 3159 |
| 4 | കരിയത്ത് മരുതംപള്ള റോഡ് കോൺക്രീറ്റ് | സി ഉദയൻ | 382695 | 16330/ 06.08.2022 | 7654 | 3827 |
| 5 | ബീംബുങ്കാൽ അമ്മംകോട് റോഡ് കോൺക്രീറ്റ് | കെ മുഹമ്മദ് കുഞ്ഞി | 378963 | 16431/ 09.06.2022 | 7579 | 3789 |
| 6 | കുട്യാനം കുട്ടിപ്പാറ റോഡ് കോൺക്രീറ്റ് | അനന്തൻ ടി | 387415 | 16317/ 08.08.2022 | 7748 | 3874 |
| 7 | കാരക്കാട് മലാംങ്കാട് റോഡ് കോൺക്രീറ്റ് | അനന്തൻ ടി | 383786 | 216382/ 19.08.2022 | 7676 | 3838 |
| 8 | കുണ്ടംപാറ ചുള്ളി റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ എ | 379414 | 216625/ 19.08.2022 | 7568 | 3794 |
| 9 | ചുള്ളി അമ്പലം റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ എ | 392493 | 216557/ 19.08.2022 | 7850 | 3925 |

| | | | | | | |
|---|---|---|---|---|---|---|
| 10 | നരന്തക്കുഴി പായങ്ങോട് റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ എ | 362835 | 216540/ 19.08.2022 | 7257 | 3628 |
| 11 | ചുള്ളി വയട്ടുകുലവൻ ദേവസ്ഥാനം റോഡ് കോൺക്രീറ്റ് | അരവിന്ദാക്ഷൻ കെ | 378963 | 216566/ 19.08.2022 | 7579 | 3789 |
| 12 | കാമലം മണിക്കല്ല് റോഡ് കോൺക്രീറ്റ് | കെ മുഹമ്മദ് കുഞ്ഞി | 392008 | 16739/ 19.08.2022 | 7840 | 3920 |
| 13 | ബേഡകം പൊന്നൂർപ്പാറ നടപ്പാത റോഡ് കോൺക്രീറ്റ് | കെ മുഹമ്മദ് കുഞ്ഞി | 342927 | 16131/ 14.06.2022 | 6859 | 3429 |
| 14 | തെക്കേക്കര ആനക്കുഴി നടപ്പാത റോഡ് കോൺക്രീറ്റ് | കൃഷ്ണരാജ് സി | 372660 | 16177/ 08.06.2022 | 7453 | 3727 |
| 15 | മഞ്ഞനടുക്കം കിഴക്കേമൂല കോളോട്ട് റോഡ് കോൺക്രീറ്റ് | അനന്തൻ ടി | 337548 | 16648/ 12.07.2022 | 6751 | 3375 |
| 16 | അമ്പിലാടി ബോർവെൽ പന്നടുക്കം റോഡ് കോൺക്രീറ്റ് | കെ മുഹമ്മദ് കുഞ്ഞി | 387728 | 16728/ 14.06.2022 | 7755 | 3877 |
| 17 | കുമ്പളംപാറ കോളോട്ട് റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ എ | 379556 | 16744/ 19.08.2022 | 7591 | 3796 |
| 18 | പുതുക്കടിപ്പാറ റോഡ് | അനന്തൻ ടി | 389099 | 16653/ 12.07.2022 | 7782 | 3891 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | | |
| 19 | കറ്റിയടുക്കം ഒയോലം റോഡ് കോൺക്രീറ്റ് | അരവിന്ദാക്ഷൻ കെ | 378320 | 16415/ 09.06.2022 | 7566 | 3783 |
| 20 | കുണ്ട്കണ്ടം കളവയൽ റോഡ് കോൺക്രീറ്റ് | സതീഷം എം | 363073 | 16149/ 26.05.2022 | 7261 | 3631 |
| 21 | നിഡുംബയൽ നീർക്കയ കൊച്ചി റോഡ് കോൺക്രീറ്റ് | സി ഉദയൻ | 382376 | 16566/ 10.06.2022 | 7648 | 3824 |
| 22 | തോരണം ചുള്ളി റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ എ | 377969 | 216220/ 13.06.2022 | 7559 | 3780 |
| 23 | നരിയടുക്കം കടവ് കൂരംകയ റോഡ് കോൺക്രീറ്റ് | സതീഷം എം | 379414 | 216310/ 13.06.2022 | 7588 | 3794 |
| 24 | വട്ടപ്പാറ മരുതംകര റോഡ് കോൺക്രീറ്റ് | സതീഷം എം | 398296 | 216522/ 19.08.2022 | 7966 | 3983 |
| | ആകെ | | | | 1,80,590 | 90,304 |

(ഓഡിറ്റ് എൻക്വയറി നം. 12 തീയ്യതി 15.11.2023)

**1-24 അങ്കണവാടി പോഷകത്തോട്ടം പദ്ധതി പൂർത്തീകരിച്ചിട്ടില്ല**

നിർവഹണം – കൃഷി ഓഫീസർ , പദ്ധതി നം. – 156/23

1) BRN : 22200752012001399955 / 18.03.2023 : 76,000/- (DP Share) (State Seed Farm, Kasaragod)

2) BRN : 22200752012001399992 / 18.03.2023 : 38,000/- (BP Share) (State Seed Farm, Kasaragod)

3) Ch.No : 244154/ 27.03.2023 : 76,000/- (Own Fund) (State Seed Farm, Kasaragod & RAIDCO)

പഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും (38), നൂറ് ശതമാനം സബ്സിഡിയിൽ നടീൽ മിശ്രിതം നിറച്ച 10 ഇഞ്ച് വ്യാസമുള്ള ഇരുപത് മൺചട്ടികളിൽ വെണ്ട, മുളക്, തക്കാളി, വഴുതന തുടങ്ങിയ പച്ചക്കറി തൈകൾ നട്ട്, ചെടികളുടെ വളർച്ചക്കാവശ്യമായ മൂലകങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിന് നൂതന സാങ്കേതികവിദ്യയിലൂടെ തയ്യാറാക്കിയ രണ്ട് ന്യൂട്രിസ്റ്റിക്കുകളും, കണികാ ജലസേചന സംവിധാനവും ഒരുക്കി പോഷകത്തോട്ടം തയ്യാറാക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വക്കുന്നത്. ഇതുവഴി അങ്കണവാടികളിൽ പോഷകാഹാരലഭ്യത ഉറപ്പ് വരുത്തുന്നതിനും, കൊച്ചുകുട്ടികളിൽ കൃഷിയോട് താൽപര്യം ജനിപ്പിക്കുന്നതിനുമുള്ള സാഹചര്യമൊരുക്കുന്നു.

പദ്ധതി നിർവഹണത്തിനായി തുക, കാസറഗോഡ് സ്റ്റേറ്റ് സീഡ് ഫാമിനും, റെയ്ഡ്കോ കാസറഗോഡിനും (₹28,500 ജലസേചന സംവിധാനം തയ്യാറാക്കുന്നതിന്) കൈമാറിയെങ്കിലും ഇതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 1,90,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.18 / 16.11.2023

**1-25 വൃദ്ധർക്ക് കട്ടിൽ -ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല.**

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

A).പ്രൊജക്ട്- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം-

(പ്രോജക്ട് നം- 140/23)

| | |
|---|---|
| അടങ്കൽ | 94,598 രൂപ<br>(വികസന ഫണ്ട് - TSP) |
| ചെലവ്- BRN No-22200952011901362056/തീ.15.3.2023 | 94,598 രൂപ |
| KADCO- Invoice No.NRO/22-23/585 തീ.28.02.2023 | 94,598 രൂപ |

B).പ്രൊജക്ട്- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം- (പ്രോജക്ട് നം- 148/23).

| | |
|---|---|
| അടങ്കൽ | 8,600 രൂപ (വികസന ഫണ്ട് - SCP) |
| ചെലവ്-<br>BRN No-22200952011901270973/തീ.1.3.2023 | 8,600 രൂപ |
| KADCO- Invoice No.NRO/22-23/586<br>തീ.28.02.2023 | 8,600 രൂപ |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന മേൽ രണ്ട് പ്രോജക്ടുകളും ടെണ്ടർ നടപടികൾ പാലിക്കാതെയാണ് കാഡ്കോ മുഖേന നടപ്പാക്കിയത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി കാഡ്കോ-യിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (ജി.ഒ(ആർ.ടി)-60/2017/എസ്.പി.ഡി തിയ്യതി.20.10.2017, G.O.(Rt)No.48/2019/SPD തിയ്യതി.14.11.2019). ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ മേൽ ഉത്തരവുകളിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ കാഡ്കോ-യ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാത്ത ഒരു ഇനവും കാഡ്കോ-യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 4300/- രൂപ വിലയുള്ള 198 സെ.മീ.നീളം * 90സെ.മീ വീതി, മുൻ കാൽ ഉയരം 60സെ.മീ, പിന്നിലെ കാൽ ഉയരം 50 സെ.മീ, മുകളിൽ 8 മി.മീ കനമുള്ള പ്ലൈവുഡ് എന്നീ -അളവുകളുള്ള കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങുന്നതിന് അനുവദിക്കപ്പെട്ടവയല്ല.

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (

14/16.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക ₹1,03,198 രൂപ (94,598 + 8,600) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് കൈമാറൽ - എം സി എഫിൽ നിന്നുള്ള നിഷ്ക്രിയ മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ - ജി എസ് ടി ഈടാക്കുന്നു.**

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം. 220/23, സംസ്കരിക്കാൻ പറ്റാത്ത മാലിന്യങ്ങൾ കയറ്റി അയക്കൽ.

വിനിയോഗിച്ച തുക -2,00,000 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. XVFC/22-23/P/19/തീ.31.1.2023 – 1,24,554 രൂപ.

വൗച്ചർ നം. XVFC/22-23/P/29/തീ.24.3.2023 – 75,446 രൂപ.

പദ്ധതി പ്രകാരം പാഴ്മാലിന്യം കയറ്റി അയക്കുന്നതിനായി കമ്പനിയുമായി ചമച്ച കരാർ പ്രകാരം പുന:ചംക്രമണ യോഗ്യമല്ലാത്തതും വിറ്റഴിക്കാൻ കഴിയാത്തതുമായ മാലിന്യം കിലോഗ്രാമിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് താഴെ പറയും പ്രകാരം നൽകുകയാണ് ചെയ്തിട്ടുള്ളത്.

| ഇൻവോയിസ് നം. / തീയ്യതി | തുക | അനുവദിച്ച തുക |
|---|---|---|
| D23/SER22-21-22/57 തീ.24.03.2022 – Previous Balance- Rs.96,116 | 1,96,116 രൂപ (16620 Kg X 10 + CGST 9%, SGST 9% ഉൾപ്പെടെ (166200 + 14958x2 = 1,96,116). ഇതിൽ ഒരു ലക്ഷം രൂപ 2021-22 വർഷം നല്കിയിരുന്നു. ബാക്കി 96,116 രൂപ ഈ ബില്ലിൽ നിന്ന് കൊടുത്തു. | 1,24,554 രൂപ. |
| D23/SER22-22-23/529 തീ.1.11.2022. | 28438 രൂപ (2410 Kg X 10 + CGST 9%, SGST 9% ഉൾപ്പെടെ (24100 + 2169x2 = 28438). | |
| D23/SER22-23/992 തീ.6.3.2023 | 1,24,726 രൂപ (10570 Kg X 10, CGST 9%, SGST 9% ഉൾപ്പെടെ (105700 +9513x2 = 1,24,726). ഇതിൽ 75,446 രൂപ ഈ വർഷം അനുവദിച്ചു. | 75,446 രൂപ. |

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

A) പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31.07.2018 പ്രകാരം ജി എസ് ടി ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ മേൽ പ്രകാരം കമ്പനിക്ക് ജി എസ് ടി അനുവദിച്ച നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

B)ക്ലീൻ കേരള കമ്പനി നൽകുന്ന ഇൻവോയ്സിൽ രേഖപ്പെടുത്തിയ തൂക്കത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് തുക അനുവദിച്ചിട്ടുള്ളത്. കമ്പനി അവകാശപ്പെട്ട അളവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മാലിന്യം നീക്കം ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും സാങ്കേതിക ഉദ്യോഗസ്ഥരോ, ഹരിത കർമ്മ സേന അധികൃതരോ,

ജനപ്രതിനിധികളോ, പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. തൂക്കം സാധൂകരിക്കുന്നത് സംബന്ധിച്ച് ചില വേ ബ്രിഡ്ജ് ബില്ലുകൾ ഹാജരാക്കിയെങ്കിലും ഗ്രാമ പഞ്ചായത്തിൽ നിന്നും നീക്കം ചെയ്ത മാലിന്യമാണ് അവ എന്നത് സംബന്ധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും മേൽ പദ്ധതികൾ പ്രകാരം നീക്കം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് ഹരിത കർമ്മ സേന അധികൃതർ, വി.ഇ.ഒ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരിൽ നിന്നുമുള്ള പരിശോധന സാക്ഷ്യപത്രം, ഭരണ സമിതി തീരുമാനം എന്നിവയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/തീ.16.11.2023) മറുപടി നൽകിയിട്ടില്ല. രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 2,00,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-27 വാട്ടർടാങ്ക് വിതരണം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 137/2022-23 |
| പേര് | പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക്. |
| അടങ്കൽ തുക | 1,17,040 /- (വികസന ഫണ്ട് ടി.എസ്.പി) |
| ചെലവ് | 1,17,040 /- (വികസന ഫണ്ട് ടി.എസ്.പി) |
| ബിൽ നമ്പർ | BRN No.222007520119015214553/ തീ.28.3.2023 |

പഞ്ചായത്ത് പരിധിയിലുള്ള 38 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് 100% സബ്സിഡിയോടു കൂടി വിതരണം ചെയ്യുക എന്നതാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. ടെണ്ടർ നടപടികൾക്കു ശേഷം 22/12/2022 -ലെ 6(2) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പി.ജി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 3080/- രൂപയ്ക്ക് അംഗീകരിക്കുകയും 38 ടാങ്കുകൾക്ക് സപ്ലൈ ഓർഡർ നൽകുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 38 വാട്ടർ ടാങ്കുകളാണ് പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

മേൽ പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

500 ലിറ്ററിന്റെ വാട്ടർ ടാങ്ക് 100% സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനായുള്ള പ്രോജക്ടിൽ 38 വാട്ടർ ടാങ്കുകളും വാങ്ങുന്നതിനായി വികസന ഫണ്ട് ടി.എസ്.പി വിഹിതമാണ് (38 X3080 = 1,17,040/-) ചെലവഴിച്ചിരിക്കുന്നത്. എന്നാൽ വാട്ടർ ടാങ്കുകൾക്കായി ഗുണഭോക്തൃ വിഹിതമായി 38 പേരിൽ 36 പേർ 27,000/- (36x750) അടവാക്കിയതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും വികസന ഫണ്ട് (ടി.എസ്.പി) വിഹിതത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/തീ.16.11.2023) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അതാത് ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

## 1-28 ക്ഷയരോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം അർഹതപ്പെട്ടവരുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ബേഡഡുക്ക.

2022-23, സാമ്പത്തിക വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (

താലൂക്ക് ആശുപത്രി ബേഡഡുക്ക ) ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്ഷയരോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ക്ഷയരോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം (പ്രൊജക്ട് നമ്പർ 30/2022-23) |
| അടങ്കൽ | 1,00,000 രൂപ (തനതു ഫണ്ട്) |
| ചെലവ് | 91,023 രൂപ |
| **വൗച്ചർ നമ്പർ / തിയ്യതി** | **തുക** |
| 22200593/26.9.2022 | 19,979 രൂപ |
| 22201154/30.3.2023 | 3004 രൂപ |
| 22201084/11.3.2023 | 60,029 രൂപ |
| 22201123/29.3.2023 | 8011 രൂപ |
| **ആകെ** | **91,023 രൂപ** |
| സ്ഥാപനം | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് |
| അക്കൗണ്ട് നമ്പർ | 13700200010957 |

പഞ്ചായത്ത് പരിധിയിലെ ക്ഷയരോഗികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന്, തനതു ഫണ്ട് ചെലവഴിച്ച് ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കുടുംബാരോഗ്യ കേന്ദ്രത്തിൽ പരിശോധനയ്ക്ക് വന്ന രോഗികളിൽ, ഭക്ഷ്യ കിറ്റിന് അർഹതപ്പെട്ടവരുടെ ഗുണഭോക്തൃപ്പട്ടിക മെഡിക്കൽ ഓഫീസർ അംഗീകരിക്കുകയോ, മെഡിക്കൽ ഓഫീസർ അംഗീകരിച്ച ഗുണഭോക്തൃപ്പട്ടിക പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയോ സാധൂകരിക്കുകയോ ചെയ്തിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 91,023 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 5/2022-23 തിയ്യതി : 14.11.2023)

**1-29 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.**

തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2022-23 വർഷം 3,27,440/- രൂപ കെ.എസ്.ഇ.ബിയുടെ കുറ്റിക്കോൽ, ചട്ടഞ്ചാൽ സെക്ഷനുകളിലായി ഗ്രാമ പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ ഓരോ മാസവും വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത്. ഗ്രാമ പഞ്ചായത്തിലെ വാർഡു തലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണമോ മുൻ വർഷങ്ങളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വിശദ വിവരങ്ങളോ ലഭ്യമല്ല.നിലവിൽ ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പടെയുള്ള തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഗ്രാമ പഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്.തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യുമായി തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ , തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടയ്ക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ : 2/2022-23 തിയ്യതി : 10.11.2023.)

**1-30 അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നതും , ബേഡഡുക്ക പഞ്ചായത്തിലും മറ്റ് തദ്ദേശ സ്ഥാപനങ്ങളിലും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുള്ള ചുവടെ സൂചിപ്പിക്കുന്ന അംഗീകൃത കരാറുകാരിൽ നിന്നും, 2022-23 വർഷം (രണ്ട് അർദ്ധ വർഷങ്ങളിലും) തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല (1994-ലെ കോരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (li) എ (l) വകുപ്പ് ) .

l) മുഹമ്മദ് റാഷിദ് കെ, തോർക്കുളം, ബേഡഡുക്ക

li) അനന്തൻ ടി, മരുതളം, മുന്നാട്

lii) കൃഷ്ണരാജ് സി, കാനാട്ടിൽ, ബേഡഡുക്ക

lv) കെ അരവിന്ദാക്ഷൻ, തീർത്ഥക്കര, വട്ടംതട്ട

V) സുരേഷ് കുമാർ എ, കുണ്ടുപാറ, മുന്നാട്

Vi) ഉദയൻ സി, ബേഡഡുക്ക

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇവർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ, ബന്ധപ്പെട്ട രസീതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 19/ തിയതി 16.11.2023

**1-31 വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് എടുക്കൽ സംബന്ധിച്ച്**

പേവിഷബാധ നിയന്ത്രണം എന്ന പദ്ധതിയുടെ (196/23) ഭാഗമായി വെറ്ററിനറി സർജ്ജൻ 1270 നമേൽ വളർത്തുമൃഗങ്ങൾക്ക് വാക്സിനേഷൻ നടത്തിയതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും ഏകദേശം 600 ലൈസൻസുകൾ (Licence Fees For Domestic Dogs And Pigs) മാത്രമേ ഈയിനത്തിൽ നൽകിയതായി കാണുന്നുള്ളൂ. ഈയിനത്തിൽ തൻവർഷം ₹12880/- വരവുണ്ട്. വെറ്ററിനറി സർജ്ജൻ നടത്തിയ പദ്ധതിയുടെ ഭാഗമായ എല്ലാ വളർത്തു മൃഗങ്ങൾക്കും നിയമാനുസൃത ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഒരു രജിസ്റ്റർ തയ്യാറേക്കേണ്ടതുമാണ്. മാതൃകാപരമായ പേവിഷബാധ നിയന്ത്രണ പദ്ധതി തുടരുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**1-32 കൃഷി - പൊതു അപാകതകൾ**

2022-23 വർഷത്തിൽ പഞ്ചായത്തിൽ പദ്ധതികളുടെ നിർവഹണത്തിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

**1.** വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന നടത്തിയതായോ, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദിയായ കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തുന്നില്ല. പദ്ധതി യഥാവിധം മോണിറ്ററിങ് നടത്തുന്നതായും കാണുന്നില്ല. (ഉദാ. സ്ഥിരം പച്ചക്കറി കൃഷിക്ക് ആനുകൂല്യം (162/23) , സ്ഥിരം നെൽ കൃഷിക്ക് ആനുകൂല്യം (159/23)

**2.** ജീവാണു വളങ്ങൾക്ക് ആനുകൂല്യം (160/23) പോലുള്ള പദ്ധതികൾക്ക് എല്ലാ കർഷകർക്കും ബന്ധപ്പെട്ട കൃഷിയുള്ള സ്ഥലത്തിന്റെ അളവ് പരിഗണിക്കാതെ ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചിരിക്കുന്നു.

**3.** ക്ഷവകൃഷി വ്യാപനം(37/23) , ഞങ്ങളും കൃഷിയിലേക്ക്-ഇടവിള കൃഷി പ്രോത്സാഹനം(34/23) – ഇഞ്ചി, മഞ്ഞൾ വിത്ത് വിതരണം എന്നീ പദ്ധതികൾക്കുള്ള വിത്ത് നൽകിയതിന് കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പിനാണ് (@ കുണ്ടംകുഴി) തുക നൽകിയിരിക്കുന്നത്. എന്നാൽ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നോ, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചോ ആണ് വാങ്ങേണ്ടത്. ഇപ്രകാരം വാങ്ങുന്ന വിത്തുകൾ വിതരണം ചെയ്യുക മാത്രമാണ് ഇക്കോ ഷോപ്പ്/ കൃഷി ഭവന്റെ ചുമതല. ഈ നിബന്ധന കൃത്യമായി പാലിക്കുന്നതിന് തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

**4.** വിളകളുടെ ഉൽപാദനം, വർദ്ധവ്, ഗുണനിലവാരം, എന്നിവ സംബന്ധിച്ച വിലയിരുത്തലുകളോ, അതിനനുസൃതമായി കൃഷി രീതികളിലോ, വളപ്രയോഗത്തിലോ അനുബന്ധമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബോധവൽക്കരണമോ നിരീക്ഷണമോ നടത്തുന്നില്ല.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2022-23 | 14.11.2023 മുതൽ 15.11.2023 വരെ | ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1 , അനുബന്ധം 1 എന്നിവയിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 38,000 | പ്രൊ.നം.156/22 -അങ്കണവാടി | 38,000 | |

| | | | | | |
|---|---|---|---|---|---|
| | | | പോഷകത്തോട്ടം | | |
| പഞ്ചായത്ത് | 2022-23 | 1,20,000 | പ്രൊ.നം.174/22 ലൈഫ് ഭവനം എസ്.സി (സ്പിൽ ഓവർ) | 1,20,000 | 0 |
| | 2022-23 | 2,40,000 | പ്രൊ.നം.172/22 ലൈഫ് ഭവനം എസ്.സി | 2,40,000 | 0 |
| | 2022-23 | 4,50,000 | പ്രൊ.നം.32/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 76,000 | പ്രൊ.നം.156/22 -അങ്കണവാടി പോഷകത്തോട്ടം | 76,000 | 0 |
| | 2022-23 | 1,00,000 | പ്രൊ.നം.156/22- ബേഡകം വിത്തു തേങ്ങ സംഭരണവും ബേഡകം തെങ്ങിൻതൈ വിതരണവും | 1,00,000 | 0 |
| | 2022-23 | 5,00,0000 | പ്രൊ.നം.157/22 – പാടശേഖര സമിതിക്ക് ട്രാക്ടർ വിതരണം | 5,00,0000 | 0 |
| | 2022-23 | 1,00,000 | പ്രൊ.നം.29/22- പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 1,00,000 | 0 |
| | 2022-23 | 3,67,900 | പ്രൊ.നം.6/22 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,67,900 | 0 |
| | 2022-23 | 40,000 | പ്രൊ.നം.172/22 ലൈഫ് ഭവനം എസ്.സി | 40,000 | 0 |
| | 2022-23 | 1,00,000 | പ്രൊ.നം.172/22 ലൈഫ് ഭവനം എസ്.ടി | 1,00,000 | |
| | 2022-23 | 74,838 | പ്രൊ.നം.32/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 74,838 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റിന്റെ പേര് | മുൻകൂർനൽകിയ തുക & ഫണ്ടിനം | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോജക്റ്റ് നം. 243/23-ബാലനടുക്കം അംഗനവാടി, അരമനപ്പടി അംഗനവാടി ബോർവെൽ നിർമ്മാണത്തിന് തുക കൈമാറൽ | 1,82,023. (CFC) | 0 | 1,82,023 |
| കെ.എസ്.ഇ.ബി | പ്രോജക്റ്റ് നം. 179/23-വിവിധ കമ്മ്യൂണിറ്റി ഹാളുകൾ വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ | 47,224. (MG-NR) | 0 | 47,224 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-മിഷൻ ഭവനപദ്ധതി | ലഭ്യമാക്കിയിട്ടില്ല. | വിവരം ലഭ്യമാക്കിയിട്ടില്ല. | 1,93,17,077<br>(+) 2,91,30,000<br>(തൻവർഷം എടുത്ത വായ്പ)<br>ആകെ- 4,84,47,077 | 52,88,956 | | 4,31,58,121* |

* വായ്പ സംബന്ധിച്ച കണക്കുകൾ വാർഷിക കണക്കിൽ ശരിയായി പ്രതിഫലിക്കുന്നില്ല. ഇത് സംബന്ധിച്ച് ഖണ്ഡിക 1-1-4 ലെ പരാമർശങ്ങൾ കാണുക. നാളിതു വരെ എടുത്ത വായ്പ, തിരിച്ചടവ്, നീക്കിയിരിപ്പ് ബാദ്ധ്യത എന്നിവ സംബന്ധിച്ച് വിശദപരിശോധന നടത്തി വായ്പ സംബന്ധിച്ച കണക്കുകൾ കൃത്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 36,51,983 |
| തൻവർഷം നിക്ഷേപിച്ചത് | 2,46,509 |
| ആകെ | 38,98,492 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക | 38,98,492 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.**(31-3-2023)**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി (Renewal) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | Kuttikol Agriculturist Welfare Co-Operative Society | 26.12.2022 | 26.12.2023 | 14,45,567 | |
| 2 | The Kolathur Service Co-Operative Bank Ltd., Kolathur | 31.12.2022 | 31.12.2023 | 24,52,925 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,883/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2011-12 | 3(6)(1) | 3,883/- | ഗിരീഷ് സി ജി, അസിസ്റ്റന്റ് എഞ്ചിനീയർ | 1220103101 തിയ്യതി 02.12.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23-** വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 ( Plan) | 21,22 | 2005-06 | 2.93 | കുണ്ടം കുഴി മിനിസ്റ്റേഡിയം , പട്ടപ്പ് ശങ്കരമ്പാടി റോഡ് - അധികം തുക നല്കിയത് | ഖണ്ഡികയിലെപരാമർശിത നഷ്ടം 1,13,845/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഈ ഓഫീസിൽ നിന്നും പരിശോധിച്ച് ബോധ്യപ്പെ ട്ടിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഈ ഓഫീസ് കത്ത് നം കെ.എസ്.എ.കെ.എസ്.ഡി 9/301/2022തി.13.04.2022 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെഅറിയിച്ചിട്ടുണ്ട്. (LFAC 2016-19- 54 മത് റിപ്പോർട്ട് ഖ.6&7) |
| വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും- അവലോകനം 2013-14 | (പേജ്. 145,147) | 2013-14 | 5.3.5.1& 5.3.5.2 | വ്യവസായ മേഖല ചെലവ് തുച്ഛം | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| -ടി- | (പേജ്.174) | 2013-14 | 5.3.5.16 | സബ്സിഡി മാർഗ്ഗരേഖ ലംഘനം | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2014-15 | 2-2,2.3 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽനികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)**ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല.

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,50,19,867.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,48,88,978 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,11,927 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 (1) | 44,770 | ഉണ്ണികൃഷ്ണൻ നായർ.എൻ, സെക്രട്ടറി ഇൻ ചാർജ് |
| | 2,454 | ശിവൻകുട്ടി.പി.ജി, സെക്രട്ടറി ഇൻ ചാർജ് |
| 1-12 (2) | 3,00,000 | സജ്ജാദ്.എസ്.എസ്., സെക്രട്ടറി |
| 1-12 (3) | 97,406 | ശിവൻകുട്ടി.പി.ജി, സെക്രട്ടറി ഇൻ ചാർജ് |
| | 7,349 | സജ്ജാദ്.എസ്.എസ്., സെക്രട്ടറി |
| 1-12 (4) | 1,82,203 | സജ്ജാദ്.എസ്.എസ്, സെക്രട്ടറി |
| 1-12 (5) | 3,00,000 | ശിവൻകുട്ടി.പി.ജി, സെക്രട്ടറി ഇൻ ചാർജ് |
| 1-12 (6) | 3,00,000 | ശിവൻകുട്ടി.പി.ജി, സെക്രട്ടറി ഇൻ ചാർജ് |
| 1-13 | 4,97,839 | ശിവൻകുട്ടി.പി.ജി, സെക്രട്ടറി ഇൻ ചാർജ് |
| | 4,15,964 | സജ്ജാദ്.എസ്.എസ്, സെക്രട്ടറി |
| 1-15 | 2,32,721 | ഡോ:ശ്രീനിഷ്.ടി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-17 | 50,000 | ജിനേഷ്.എ (വി.ഇ.ഒ) |
| 1-20 | 4,97,000 | സജ്ജാദ്.എസ്.എസ്, സെക്രട്ടറി |
| 1-22 | 1,00,000 | ലിലിൻ.എ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 1,90,000 | പ്രവീൺ.എൻ.എം, കൃഷി ഓഫീസർ |
| 1-25 | 1,03,198 | ശിവൻകുട്ടി.പി.ജി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 2,00,000 | ശിവൻകുട്ടി.പി.ജി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 19,979 | ഡോ:നീതു.ടി.കെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| | 71,044 | ഡോ:കൃപേഷ് .എം.വി, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| ആകെ | 36,11,927 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98(Final) | കെ.എസ്.എ-കെ.എസ്.ഡി 7/467/2021(5) തീയതി 11-08-2022 | 2 |
| 1998-99 (Expr) | കെ.എസ്.എ-കെ.എസ്.ഡി7/467/2021(6) തീയതി 11-08-2022 | 2 |
| 1998-99 (Final) | കെ.എസ്.എ-കെ.എസ്.ഡി7/467/2021(7) തീയതി 11-08-2022 | 1 |
| 1999-00 (Expr) | കെ.എസ്.എ-കെ.എസ്.ഡി 7/467/2021(8) തീയതി 11-08-2022 | 3 |
| 2002-03 | കെ.എസ്.എ-കെ.എസ്.ഡി7/467/2021(13) തീയതി 11-08-2022 | 1 |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി7/467/2021(15) തീയതി 11-08-2022 | 4 |
| 2005-06 | കെ.എസ്.എ-കെ.എസ്.ഡി7/467/2021(16) തീയതി 11-08-2022 | 3 |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി7/175/2022 തീയതി 11-08-2022 | 2 |
| 2007-08 | കെ.എസ്.എ-കെ.എസ്.ഡി7/234/2022 തീയതി 11-08-2022 | 3 |
| 2008-09 | കെ.എസ്.എ-കെ.എസ്.ഡി7/811/2022 തീയതി 30-09-2022 | 2 |
| 2009-10 | കെ.എസ്.എ-കെ.എസ്.ഡി 7/248/2022 തീയതി 11-08-2022 | 2 |
| 2010-11 | കെ.എസ്.എ-കെ.എസ്.ഡി7/247/2022 തീയതി 11-08-2022 | 1 |
| 2011-12, 2012-13 | കെ.എസ്.എ-കെ.എസ്.ഡി7/329/2022 തീയതി 11-08-2022 | 13 |
| 2013-14 | കെ.എസ്.എ-കെ.എസ്.ഡി7/880/2022 തീയതി 29-09-2022 | 1 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി7/73/2022(1) തീയതി 11-08-2022 | 4 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി7/879/2022 തീയതി 29-09-2022 | 1 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി7/554/2022 തീയതി 11-08-2022 | 4 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി7/467/2021 തീയതി 11-08-2022 | 2 |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി7/73/2022 തീയതി 11-08-2022 | 10 |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി7/488/2022 തീയതി 11-08-2022 | 14 |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി7/591/2022, തീയതി 29-07-2022 | 20 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി7/175/2023, തീയതി 28-03-2023 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/2023 dated 3/2023 dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Bedadka Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Bedadka Grama Panchayat for the year 2022-2023

**Date: 15/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Bedadka Grama Panchayat for the Year 2022-2023.

### 1.Major Observations

Valuation of assets has not been done. The asset register has not been updated. There is no up to date asset data base in the Panchayat. Hence, the accuracy of the assets reflected in the Balance Sheet could not be commented upon.

## 2.Other Observations

**1.** Basic ratios as per rule 62(f) of the Kerala Panchayat Raj (Accounts) Rules, 2011 are not included in the AnnualFinancial Statements.

**2.** The amount recorded as Net increase in cash and cash equivalence in the cash flow statement and the amount recorded as net cash generated by operating + investing + financing activities in the same statement do not match. Therefore, the accuracy of this document is not certified in the audit.

**3.** According to Income and Expenditure Account for 2022-23, Excess of income over expenditure is Rs. (-) 1,24,69,949. But, as per the balance sheet as on 31.03.2023, the amount carried over to the Panchayat General Fund is Rs.1,47,34,492. No explanations have been furnished on this difference.

**4.** Defects have been noticed in the reconcilliation statements of the following bank accounts for the month march 2023.

a. Union Bank of India-Plan-232

b. LGTSB account-273

c. own fund account in the Bedadka Farmers Service Society- 001

d. Epayment account in the SBI- 9693

**5.** Undue delay in recording of accrual income of preoperty tax, rent, licence fee and profession tax from traders was seen. The accrual income of these items were found recorded on 31.03.2023 only. The rule 17(2) of Kerala panchayat accounts Rules 2011 were not adhered to.

**6.** The balance of the following specific purpose funds as per the balance sheet as on 31.032023 do not match with the balance amount in their respective bank accounts.

a. 31100101-Distress relief fund

b. 320100162- SSA

c. 320200104-CFC basic Grant320200104-CFC basic Grant

**7.** Details of capital contribution during the year (projects, amounts) was not made available to Audit. Hence, the accuracy of the capital contribution could not be verified.

**8.** The details of the following liabilities as per schedule B4 of the Balance Sheet as on 31.03.2023 were not made available to Audit, hence, the accuracy of these liablities could not be verified.

320100105- Awards and honours-central Govt- 8,50,626

320100145- NPRPD- 30,000

320100181- Total sanitation campaign- 1,34,728

320100199- other liabilities- 40,344

320200307- MLA Fund for LAD- 1,80,000

320700205- contributions from district Panchayats- revenue expenditure- 5,00,000

**9.** The liablity under the head 330500201- Loan from KURDFC as on 31.03.2023 is Rs. 3,58,32,643, whereas the respective asset head (440500101-prepaid program expenses) shows a balance of Rs.3,57,92,643 only.

**10.** The details of the following liabilities as per schedule B9 of the Balance Sheet as on 31.03.2023 were not made available to Audit, hence, the accuracy of these liablities could not be verified.

350200119- Recoveries payable-Covid- 1,30,456

350200199- Recoveries payable-other recoveries from employees-12,569

350300112- Refunds and other dues payable- court fee stamp- 875

350400999- refund of unutilised grants- prior period- 93,190

**11.** The details of depreciation calculated for the year 2022-23 was not made available to Audit, Hence, the accuracy of the same could not be verified.

**12.** Maintenance of Advance and Deposit Registers is not complete as the details of deposits and advances pending have not been carried over in the beginning of the year. Hence these registers could not be relied in Audit.

Adjustments have not been done in the following liability amounts when the expenditure are made

a. 320100198- Grant from Suchitwa Mission (Rs.5,69,390)

b. 320100202- Health Grant towards support for diagnostic infrastructure to PHCs (Rs. 3,11,691)

c. 320100204- Health Grant towards support for conversion of PHCs into wellness centres (Rs.2,40,000)

**13.** An amount of Rs.1,20,000 has been recorded in excess as receipt under the head 320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies (State share for Life housing Scheme)

**14.** The receipt of Secured Loan for life Housing during the year 2022-23 was seen partly recorded under two heads namely, 320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes (Rs.1,38,10,000) and 330500201 -Secured Loans - Loan From KURDFC (Rs.1,55,40,000). Though, an amount of Rs.2,93,50,000 was seen recorded as received under KURDFC loan as above, An amount of Rs.2,91,30,000 has only been credited in the bank account in Kerala Bank for KURDFC loan.

Date: 15/12/2023

DEPUTY DIRECTOR
DISTRICT AUDIT OFFICE, KASARAGOD
KERALA STATE AUDIT DEPARTMENT

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Bedadka Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5310642.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 182926.00 |
| 140000000 | Fee & User Charges | I-4 | 654308.00 |
| 150000000 | Sale & Hire Charges | I-5 | 164100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 200275460.00 |
| 170000000 | Income from Investments | I-7 | 246509.00 |
| 171000000 | Interest Earned | I-8 | 200259.00 |
| 180000000 | Other Income | I-9 | 78080.00 |
| 190000000 | Prior Period Income | I-19 | 32613.00 |
| | **Total Income** | | **207112284.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13287902.00 |
| 220000000 | Administrative Expenses | I-11 | 1373368.00 |
| 230000000 | Operations & Maintenance | I-12 | 1175931.00 |
| 240000000 | Interest & Finance Charges | I-13 | 1184.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8662987.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 70817055.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11681911.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 62222046.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46963200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 721891.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **216907475.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9795191.00** |
| | **Gross Surplus / Deficit of income over Expenditure** | | **-12469949.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2707371.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-2674758.0** |

Deputy Director
District Audit Office, Kasaragod

## അനുബന്ധം - 4

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Bedadka Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17277517.50 |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1281640.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5700.00 |
| 140000000 | Fees & User Charges | RP-4 | 506021.00 |
| 150000000 | Sale & Hire Charges | RP-5 | 164100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13955328.00 |
| 171000000 | Interest Earned | RP-9 | 200259.00 |
| 190000000 | Prior Period Income | RP-11 | 22598.00 |
| 210000000 | Establishment Expenses | RP-12 | 3066.00 |
| 230000000 | Operations & Maintenance | RP-14 | 497861.00 |
| 311000000 | Earmarked Funds | RP-28 | 50851.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 45296039.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6938443.00 |
| 460000000 | Loans, Advances and Deposits | RP-49 | 33692.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 29262.00 |
| 330000000 | Secured Loans | RP-31 | 15540000.00 |
| 340000000 | Deposits Received | RP-33 | 53720.00 |
| 350000000 | Other Liabilities | RP-35 | 441288.00 |
| | **Grand total** | | **102297385.50** |
| | **PAYMENTS** | | |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 6863.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 385796.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2282703.00 |
| 460000000 | Loans, Advances and Deposits | RP-49 | 479816.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 5200.00 |
| 350000000 | Other Liabilities | RP-35 | 81728600.00 |
| | **Closing Balance** | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 17408407.50 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **102297385.50** |

Deputy Director
District Audit Office, Kasaragod

**അനുബന്ധം -5**

**ബാലൻസ് ഷീറ്റ്**

| Bedadka Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 22853155.00 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 21765.00 |
| 312000000 | Reserves | B-3 | 72398047.00 |
| | **Total Reserve & Surplus** | | **95272967.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 28825717.50 |
| | **Total Grants, Contributions for Specific Purposes** | | **28825717.50** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 27769456.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **27769456.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 277397.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1919222.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2196619.00** |

| | | | |
|---|---|---|---|
| | **TOTAL LIABILITIES** | | **154064759.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2393738.00 |
| 412000000 | Capital Work in Progress | B-11(b) | 1355340.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2059881.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 30615115.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 158036427.00 |
| 416000000 | Accumulated Depreciation | B-11(a) | -94849358.00 |
| | **Total Fixed Assets** | | **99611143.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 3898492.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **3898492.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2520960.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 27689456.00 |
| 450000000 | Cash and Bank Balance | B-17 | 17408407.50 |
| 460000000 | Loans, Advances and Deposits | B-18 | 2936301.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **50555124.50** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **154064759.50** |

Deputy Director
District Audit Office, Kasaragod